# ഗണിതം

## ഭാഗം - 2

## സ്റ്റാൻഡേർഡ്

# IV

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

ഗണിതം

4

*Prepared by :*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

പുതിയ പാഠപുസ്തകത്തിലെ ഒന്നാം ഭാഗത്തിലൂടെ പുതിയ എന്തെല്ലാം കാര്യങ്ങളാണ് പഠിച്ചത്? പുതിയ രൂപങ്ങൾ വരയ്ക്കാനും പുതിയ പാറ്റേണുകൾ ഉണ്ടാക്കാനും പഠിച്ചു. സംഖ്യകൾ തമ്മിലുള്ള പുതിയ ബന്ധങ്ങളെ കുറിച്ച് കൂടുതൽ കാര്യങ്ങൾ സ്വായത്തമാക്കി. മൂന്നക്ക സംഖ്യകൾ കഴിഞ്ഞ് നാലക്കസംഖ്യകളെ കുറിച്ചുള്ള പ്രാഥമിക അറിവുകളും നേടി. ദൂരത്തെ കുറിച്ചും ഭാരത്തെ കുറിച്ചുമെല്ലാം ഏറെ പഠിക്കാനുമുണ്ട്. ഗുണന - ഹരണ ക്രിയകളെ കുറിച്ച് കൂടുതൽ കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്. ഗുണനവും ഹരണവും ആയി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശകലനം ചെയ്ത് വ്യത്യസ്തരീതികൾ കണ്ടെത്തുകയും പരിഹരിക്കുകയും വേണം. ഗണിതചിന്തയിലൂടെ... ഗണന ചിന്തയിലൂടെ... പുതിയ ഗണിതവഴികൾ തേടണം. വ്യത്യസ്ത വഴികളിലൂടെ ഗണിതപഠനം രസകരമാക്കാം... കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കാം.

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. ഇ. കൃഷ്ണൻ,**
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## ചെയർപേഴ്സൺ

**ഡോ. ഗോകുലദാസൻ പിള്ള സി.**
കരിക്കുലം ഹെഡ് (റിട്ട.), എസ്.സി.ഇ.ആർ.ടി

## വിദഗ്ധർ

**ഡോ. രാജേഷ് കെ.പി.**
സീനിയർ ലക്ചറർ, ഡയറ്റ്, കണ്ണൂർ

**പ്രകാശൻ വി. കെ.**
പ്രിൻസിപ്പൽ (റിട്ട.), ഡയറ്റ്, കോട്ടയം

## അംഗങ്ങൾ

**സ്വാമിനാഥൻ കെ.**
പ്രഥമാധ്യാപകൻ (റിട്ട.)
ഗവ. എൽ.പി.സ്കൂൾ, പാലോട്,
തിരുവനന്തപുരം

**ബിജു ടി.**
പ്രഥമാധ്യാപകൻ
ഗവ. എസ്.എം.വി.എൽ.പി.എസ്.
തേവലക്കര, കൊല്ലം

**ഐശ്വര്യ സോമൻ**
ജി.എൽ.പി.ജി.എസ്
പത്തനംതിട്ട

**ശ്രീവിശാഖൻ**
പ്രഥമാധ്യാപകൻ (റിട്ട.),
ജി.എൽ.പി. സ്കൂൾ
ചെറുകുളത്തൂർ, കോഴിക്കോട്

**ബീനാസ്റ്റീഫൻ**
എസ്.പി.ടി.പി.എം.
ഗവ. യു.പി.എസ്.
കുറവൻകോണം, തിരുവനന്തപുരം

**ജിജി വർഗീസ് പി.**
ട്രെയിനർ, ബി.ആർ.സി.
എടപ്പാൾ

**പ്രേംജിത്ത് വി. ആർ.**
എച്ച്.എസ്.ടി.,
ജി.വി.എച്ച്.എസ്.എസ്
പയ്യോളി, കോഴിക്കോട്

**ഭാഗ്യേഷ് കെ.**
എസ്.വി.എം.ജി.യു.പി.എസ്.
എടത്തോട്, കാസറഗോഡ്

**ഷാജി സി. കെ.**
ചിത്രകലാധ്യാപകൻ
ജി.എച്ച്.എസ്.എസ്.
നടുവണ്ണൂർ, കോഴിക്കോട്

**അനൂപ് കെ.പി.**
ചിത്രകലാധ്യാപകൻ
പി.എം.എസ്.എ.പി.റ്റി.എച്ച്.
എസ്.എസ്., കക്കോവ്,
വാഴയൂർ, മലപ്പുറം.

**ബിജീഷ് എം.**
ചിത്രകലാധ്യാപകൻ
എം.എസ്.പി.എച്ച്.എസ്.എസ്.,
മലപ്പുറം

**ദീപേഷ് ടി.**
ചിത്രകലാധ്യാപകൻ
സി.എച്ച്.എം.എച്ച്.എസ്.
കാവുംപടി, കണ്ണൂർ

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. സെൽവമാരി എസ്.**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

---


**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


7. പെരുക്കൽപ്പെരുമ 103

8. ഇങ്ങനെ അളക്കാം 121

9. തുല്യമായ കൂട്ടം 139

10. അളന്നും തൂക്കിയും 163

11. ചിത്രങ്ങൾ കഥ പറയുന്നു 173




പുസ്തകത്തിൽ സൗകര്യത്തിനായി കണക്ക് **ചെയ്തുനോക്കാം** എന്ന പ്രവർത്തനത്തിന് ഈ ചിഹ്നം ഉപയോഗിച്ചിരിക്കുന്നു.

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം ''രാഷ്ട്രത്തിന്റെ ഐക്യം'' എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 7

# പെരുക്കൽപ്പെരുമ




അയനിമല ഗവൺമെന്റ് എൽ പി സ്കൂളിൽ കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് കണക്കുപെട്ടി തയ്യാറാക്കുകയാണ്.

## മേധയുടെ കണക്കുപെട്ടി

മേധ തയ്യാറാക്കിയ കണക്കുപെട്ടിയിലെ ടോക്കൺ ബോർഡ് നോക്കൂ.



ടോക്കൺ ബോർഡ് നോക്കി പട്ടിക പൂർത്തിയാക്കൂ.

| വരി | 1 | 2 | 3 | ആകെ | |
|---|---|---|---|---|---|
| | | | | വരി | എണ്ണം |
| എണ്ണം | | | | | |

8 ടോക്കൺ വീതമുള്ള 3 വരി. ആകെ എത്ര ടോക്കൺ?

$8 + 8 + 8 = \dots\dots\dots \times \dots\dots\dots\dots = \square$

## മാധവിന്റെ കണക്കുപെട്ടി

മാധവ് ടോക്കൺ ബോർഡ് മറ്റൊരു രീതിയിലാണ് വച്ചത്.
ഇതിൽ എത്ര ടോക്കണുണ്ട്?



$3 + 3 + 3 + 3 + 3 + 3 + 3 + 3 = _____ \times _____$







3 തവണ 8

$3 \times 8 =$

8 തവണ 3

$8 \times 3 =$

3 തവണ 8 ഉം 8 തവണ 3 ഉം 24 തന്നെ.

$3 \times 8 = 8 \times 3 = 24$

- സിയു 24 ടോക്കൺ മറ്റൊരു രീതിയിൽ വച്ചത് നോക്കൂ.

8
8
8





$2 \times 4$
$2 \times 4$
$2 \times 4$

$3 \times 8$ | $3 \times 8 = 3 \times 2 \times 4$ | $3 \times 2 \times 4$

- 24 ടോക്കൺ ഇങ്ങനെയും വയ്ക്കാമല്ലോ.

**6 6 6 6**





$4 \times 3$
$4 \times 3$

$4 \times 6$ | $4 \times 6 = 2 \times 4 \times 3$ | $2 \times 4 \times 3$

- 8 എണ്ണം വീതമുള്ള 4 വരിയായാൽ ആകെ എത്ര ടോക്കൺ?

........... + .............. +........... + ........... =

........... × .............. = ☐

$4 \times 8$ = 2 × ..............× ..............

8 എണ്ണം വീതമുള്ള 6 വരിയായാൽ ആകെ എത്ര ടോക്കൺ?

32 + .............. = ☐

$6 \times 8$ =........... × ..............× ..............

## ടോക്കൺ കൊണ്ടൊരു ചതുരം

ശ്രവ്യയുടെ ടോക്കൺ ബോർഡ് നോക്കൂ.



ചിത്രത്തിൽ ആകെ എത്ര ടോക്കൺ?



8 ടോക്കൺ വീതം 12 നിര.

12 നിരയെ 10 ഉം 2 ഉം ആക്കി മാറ്റിയാലോ?



| വലിയ ചതുരത്തിലെ ടോക്കൺ: | ചെറിയ ചതുരത്തിലെ ടോക്കൺ: |
|---|---|
| ഒരു നിരയിലെ ടോക്കൺ = ☐ | ഒരു നിരയിലെ ടോക്കൺ = ☐ |
| നിരകളുടെ എണ്ണം = ☐ | നിരകളുടെ എണ്ണം = ☐ |
| ആകെ ടോക്കൺ ...... × ...... = ☐ | ആകെ ടോക്കൺ ...... × ...... = ☐ |

ബോർഡിലെ ആകെ ടോക്കണ്‍:

$(10 \times 8) + (2 \times 8)$

$80 + 16 = 96$

ടോക്കണൊന്നുമില്ലാതെ ഇങ്ങനെയും കണക്കാക്കാം.

| | 10 | 2 |
|---|---|---|
| 8 | $10 \times 8 = 80$ | $2 \times 8 = 16$ |

**80 + 16 = 96**

ഇങ്ങനെയും കണക്കാക്കാം.

$$\begin{array}{r} 12 \times \\ 8 \\ \hline 16 \rightarrow 8 \times 2 \\ 80 \rightarrow 8 \times 10 \\ \hline 96 \end{array}$$

12 × 8 കണക്കാക്കാൻ 10 നെ 8 കൊണ്ട് ഗുണിച്ച സംഖ്യയും 2 നെ 8 കൊണ്ട് ഗുണിച്ച സംഖ്യയും കൂട്ടിയാൽ മതി.

## ഗുണിച്ചും കണക്കാക്കാം

**13 × 5**

| | 10 | 3 |
|---|---|---|
| 5 | $10 \times 5 = ....$ | $3 \times 5 = ....$ |
| | .... + .... = .... | |

**23 × 5**

| | 20 | 3 |
|---|---|---|
| 5 | $20 \times 5 = ....$ | $3 \times 5 = ....$ |
| | .... + .... = .... | |

ഈ രീതിയിൽ 14 × 6, 24 × 3 എന്നിവ നോട്ടുബുക്കിൽ ചിത്രീകരിക്കൂ.

## പൂരിപ്പിക്കൂ

18 × 5 = (10 × 5) + (8 × 5) = 50 + 40 = 90

16 × 5 = (.....× 5) + (.... × 5) = .... + .... = ....

13 × .... = (10 × 3) + (.... × 3) = .... + .... = ....

.... × 4 = (10 × 4) + (3 × 4) = .... + .... = ....

.... × .... = (10 × 7) + (3 × 7) = .... + .... = ....

## ഗുണനം എന്തെളുപ്പം

- $15 \times 30$ എത്രയെന്ന് കണക്കാക്കാമോ?

  $15 \times 30 = (10 \times 30) + (5 \times 30) =$ ............ + ............ = ............

  മറ്റേതെങ്കിലും വഴിയുണ്ടോ?

  $15 \times 3$ എത്രയാണ്?

  $15 \times 30$ ആയാലോ?

- $40 \times 30$ എത്രയാണ്?

  $4 \times 3 =$ ...........  $10 \times 10 =$ ...........  $40 \times 30 =$ ..........

- $70 \times 70$ എത്രയാണ്?

  $7 \times 7 =$ ...........  $10 \times 10 =$ ...........  $70 \times 70 =$ ...........

ഇനി ഇവ മനക്കണക്കായി പറയൂ. $30 \times 3$, $60 \times 4$, $50 \times 3$, $40 \times 40$

## കളങ്ങൾ പൂരിപ്പിക്കൂ

- 24 ടോക്കൺ ഏതെല്ലാം രീതിയിൽ ചതുരമായി ക്രമീകരിക്കാം? പൂരിപ്പിക്കൂ.




| | | |
|---|---|---|
| $3 \times 8 = 3 \times .... \times 4 = 24$ | | $4 \times 6 = 4 \times .... \times .... = 24$ |
| $2 \times 12 = 2 \times 4 \times .... = 24$ | | $3 \times 12 = .... \times .... \times .... = ....$ |
| $2 \times 12 = .... \times 6 \times .... = 24$ | | $3 \times 12 = .... \times .... \times 6 = ....$ |

## പാൽ വിതരണം

അയനിമല സ്കൂളിലെ കുട്ടികൾക്ക് പാൽ കുടിക്കാൻ ആവശ്യമായ ഗ്ലാസ് ഗ്രാമപഞ്ചായത്ത് നൽകി. ഒരു പെട്ടിയിൽ അരഡസൻ ഗ്ലാസുണ്ട്. 21 പെട്ടി ഗ്ലാസ് ആണ് കൊടുത്തത്. സ്കൂളിൽ എത്ര ഗ്ലാസാണ് കിട്ടിയത്?




| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

- പുരവനം സ്കൂളിൽ ഗ്രാമപഞ്ചായത്ത് ഒരു ഡസൻ ഗ്ലാസ് വീതമുള്ള 9 പെട്ടിയാണ് വിതരണം ചെയ്തത്.

  ആകെ എത്ര ഗ്ലാസ് കിട്ടി?

  (മനക്കണക്കായി ചെയ്യാമോ?)

### പസിൽ കോർണർ

- ഒരു സംഖ്യയെ 8 കൊണ്ട് ഗുണിച്ചാൽ 120 കിട്ടും. ആ സംഖ്യയുടെ തൊട്ടടുത്ത സംഖ്യയെ 8 കൊണ്ട് ഗുണിച്ചാൽ എത്ര കൂടും?
- ഒരു സംഖ്യയെ 4 കൊണ്ട് ഗുണിച്ചാൽ 4172 കിട്ടും. ആ സംഖ്യയുടെ തൊട്ടടുത്ത സംഖ്യയെ 4 കൊണ്ട് ഗുണിച്ചാൽ എത്ര കിട്ടും?
- ഒരു സംഖ്യയെ 7 കൊണ്ട് ഗുണിച്ചാൽ 238 കിട്ടും. ആ സംഖ്യയുടെ തൊട്ടുമുമ്പുള്ള സംഖ്യയെ 7 കൊണ്ട് ഗുണിച്ചാൽ എത്ര കിട്ടും?

## ഗ്രാമപഞ്ചായത്ത് സഹായം

മിത്രയുടെ സ്കൂളിൽ ഗ്രാമപഞ്ചായത്ത് പുതിയ ഡെസ്ക്കും കസേരയും എത്തിച്ചു. ഒരു ഡെസ്ക്കിന് 4 കസേര വീതമാണ് കൊടുത്തത്. ഓരോ ക്ലാസിനും കൊടുത്ത ഡെസ്ക്കിന്റെ എണ്ണം ചുവടെ എഴുതിയിരിക്കുന്നു. ആകെ എത്ര ഡെസ്ക്കും കസേരയുമാണ് കൊടുത്തത്?

| ക്ലാസ് | ഡെസ്ക് |
|---|---|
| ക്ലാസ് 1 | 8 |
| ക്ലാസ് 2 | 7 |
| ക്ലാസ് 3 | 9 |
| ക്ലാസ് 4 | 5 |



ആകെ എത്രയെണ്ണം?

ഡെസ്ക് [ ]

കസേര [ ]

| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

ഒരു ഡെസ്കിന് പിറകിൽ 5 കസേര വീതം നിരത്താൻ എത്ര കസേര വേണ്ടിവരും? എങ്ങനെ കണക്കാക്കാം?

**ഞാൻ കണക്കാക്കിയത്**

## പാറ്റേൺ തുടരൂ... സംഖ്യാബന്ധം കണ്ടുപിടിക്കൂ.

$(1 \times 9) + 1 = 10$

$(2 \times 9) + 2 = 20$

$(3 \times 9) + 3 = 30$

.................................

.................................

.................................

.................................

.................................

.................................

$(10 \times 9) +$ ...... $= 100$

**ഞാൻ കണ്ടുപിടിച്ചത്**

ഈ സംഖ്യാപാറ്റേൺ ഉപയോഗിച്ച് താഴെ തന്നിരിക്കുന്നവയുടെ ഉത്തരം കണക്കാക്കുക.

- $(15 \times 9) + 15 =$......
- $(78 \times 9) + 78 =$......
- $(43 \times 9) + 43 =$......
- .................................

- 10 കൊണ്ടും 20 കൊണ്ടും ഗുണിക്കാനുള്ള എളുപ്പവഴി കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| | | |
|---|---|---|
| $10 \times 10 = 100$ | $10 \times 20 =$ .... | $10 \times 10 =$ .... |
| $11 \times 10 = 110$ | $11 \times 20 =$ .... | $20 \times 20 =$ .... |
| $13 \times 10 =$ .... | $13 \times 20 = 260$ | $30 \times 30 =$ .... |
| $16 \times 10 =$ .... | $16 \times 20 = 320$ | $40 \times 40 =$ .... |
| $19 \times 10 =$ .... | $19 \times 20 =$ .... | $50 \times 50 =$ .... |
| ........................ | ........................ | .... × .... = .... |
| ........................ | ........................ | .... × .... = .... |
| ........................ | ........................ | ... × .... = .... |
| ........................ | ........................ | $90 \times 90 =$ .... |

ഇതുപോലെ 30, 40, 50 എന്നീ സംഖ്യകൾ കൊണ്ട് എങ്ങനെ എളുപ്പത്തിൽ ഗുണിക്കാമെന്ന് കണ്ടുപിടിച്ച് നോട്ടുബുക്കിൽ എഴുതൂ.

## പൂരിപ്പിക്കൂ... ബന്ധം കണ്ടുപിടിക്കൂ.

$1 \times 8 = 8$

$2 \times 8 = 16$

.................

.................

.................

.................

.................

.................

.................

$10 \times 8 =$ .....

$(1 \times 8) + (1 \times 6) = 1 \times 14$

$(2 \times 8) + (2 \times 6) = 2 \times 14$

$1 \times 6 = 6$

$2 \times 6 = 12$

.................

.................

.................

.................

.................

.................

.................

$10 \times 6 =$ .....

$1 \times 14 = 14$

$2 \times 14 =$ .....

.....................

.....................

.....................

.....................

.....................

.....................

.....................

$10 \times 14 =$ .....

$1 \times 9 = 9$

$2 \times 9 = 18$

.................

.................

.................

.................

.................

.................

.................

$10 \times 9 =$ .....

$(1 \times 9) + (1 \times 5) = 1 \times 14$

$(2 \times 9) + (2 \times 5) = 2 \times 14$

$1 \times 5 = 5$

$2 \times 5 = 10$

.................

.................

.................

.................

.................

.................

.................

$10 \times 5 =$ .....

**ഞാൻ കണക്കാക്കിയ രീതി**

## ബില്ല് പൂരിപ്പിക്കാം

സ്കൂൾ സ്റ്റോറിൽ നിന്നും ഓരോ ക്ലാസിലെയും കുട്ടികൾ വാങ്ങിയ സാധനങ്ങളുടെ ബില്ല് നോക്കൂ. ബില്ല് പൂരിപ്പിക്കൂ.

| വിലവിവരപ്പട്ടിക | |
|---|---|
| ഇനം | വില |
| പെൻസിൽ കട്ടർ | 1 രൂപ |
| റബർകട്ട | 2 രൂപ |
| പെൻസിൽ | 3 രൂപ |
| സ്ലേയിൽ | 12 രൂപ |
| നോട്ട് ബുക്ക് | 15 രൂപ |
| പേന | 6 രൂപ |
| ബ്രഷ് | 7 രൂപ |
| ബോക്സ് | 25 രൂപ |
| കത്രിക | 30 രൂപ |




**ബില്ല് - 1**

| ഇനം | എണ്ണം | വില | ആകെ |
|---|---|---|---|
| ബോക്സ് | 2 | 25 രൂപ | .... × .... = .... |
| സ്ലേയിൽ | 4 | 12 രൂപ | .... × .... = .... |
| | | | ആകെ ................ |

**ബില്ല് - 2**

| ഇനം | എണ്ണം | വില | ആകെ |
|---|---|---|---|
| പെൻസിൽ | ................ | 3 രൂപ | .... × .... = .... |
| ബ്രഷ് | ................ | 7 രൂപ | .... × .... = .... |
| | | | ആകെ 35 രൂപ |

## ബില്ല് - 3

| ഇനം | എണ്ണം | വില | ആകെ |
|---|---|---|---|
| നോട്ട് ബുക്ക് | ................ | 15 രൂപ | .... × .... = .... |
| പെൻസിൽ | ................ | 3 രൂപ | ................ |
| | | | ആകെ 90 രൂപ |

## ബില്ല്- 4

| ഇനം | എണ്ണം | വില | ആകെ |
|---|---|---|---|
| സ്കെയിൽ | ................ | 12 രൂപ | .... × .... = .... |
| പേന | ................ | 6 രൂപ | .... × .... = .... |
| റബർകട്ട | ................ | 2 രൂപ | .... × .... = .... |
| | | | ആകെ 100 രൂപ |

ജ്വാല 100 രൂപയ്ക്ക് 4 ഇനം സാധനങ്ങൾ വാങ്ങി. വാങ്ങിയത് എന്തൊക്കെയാകാം? ഓരോന്നും എത്രയെണ്ണം വീതം ആകാം? ബില്ല് നോട്ടുബുക്കിൽ തയ്യാറാക്കൂ.

## പസിൽ കോർണർ

### ആദിയുടെ സമ്പാദ്യപ്പെട്ടി

ആദിയുടെ ജന്മദിനത്തിൽ മുത്തശ്ശി സമ്പാദ്യപ്പെട്ടിയിലേക്ക് ഒരു രൂപയാണ് കൊടുത്തത്. ആദ്യദിവസം കിട്ടിയ രൂപയുടെ ഇരട്ടിയാണ് രണ്ടാം ദിവസം കിട്ടിയത്. രണ്ടാം ദിവസം കിട്ടിയ രൂപയുടെ ഇരട്ടിയാണ് മൂന്നാം ദിവസം കിട്ടിയത്. ഇങ്ങനെ തുടർന്നാൽ ഏഴു ദിവസം കഴിയുമ്പോൾ സമ്പാദ്യപ്പെട്ടിയിൽ എത്ര രൂപയുണ്ടാകും?



## പെൻസിൽ പെട്ടി

മിൻഹ 5 പെൻസിൽ വീതം ഒരു പായ്ക്കറ്റിലാക്കി. ഇത്തരം 4 പായ്ക്കറ്റ് ഒരു പെട്ടിയിലാക്കി. നന്മ സ്റ്റോറിൽ 6 പെട്ടിയും മേന്മ സ്റ്റോറിൽ 4 പെട്ടിയും കൊടുത്തു. ആകെ എത്ര പെൻസിലാണ് കൊടുത്തത്?
ഒരു പെൻസിലിന് 5 രൂപയാണ് വില. മിൻഹയ്ക്ക് എത്ര രൂപ കിട്ടി?



ഒരു പായ്ക്കറ്റിൽ ഉള്ള പെൻസിൽ ☐

ഒരു പെട്ടിയിൽ ഉള്ള പെൻസിൽ ☐

നന്മ സ്റ്റോറിൽ കൊടുത്ത പെൻസിൽ ☐

മേന്മ സ്റ്റോറിൽ കൊടുത്ത പെൻസിൽ ☐

മിൻഹയ്ക്ക് കിട്ടിയ രൂപ ☐

| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

### പസിൽ കോർണർ

മിൻഹയുടെ രണ്ട് കൈയിലും പെൻസിലുണ്ട്. ഇടതുകൈയിൽ നിന്നും ഒരു പെൻസിലെടുത്ത് വലതുകൈയിൽ വച്ചപ്പോൾ അതിലെ എണ്ണം ഇടതുകൈയിലെ എണ്ണത്തിന്റെ ഇരട്ടിയായി. വലതുകൈയിലെ ഒരു പെൻസിലെടുത്ത് ഇടതുകൈയിൽ വച്ചപ്പോൾ രണ്ട് കൈകളിലെയും പെൻസിലിന്റെ എണ്ണം തുല്യം. മിൻഹയുടെ ഓരോ കൈയിലും എത്ര പെൻസിൽ ഉണ്ട്?

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

അയനിമല സ്കൂളിൽ ഭക്ഷണം പാകം ചെയ്യുന്നത് ശ്യാമളചേച്ചിയാണ്. ഒരു ദിവസം 600 രൂപയാണ് കൂലി. ജൂൺ മാസം 20 ദിവസം ഭക്ഷണം പാകം ചെയ്തു. എത്ര രൂപ കൂലി കിട്ടി? ജൂലൈ മാസം 22 ദിവസം ജോലി ചെയ്തു. എത്ര രൂപ കിട്ടി?



| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

## 100, 200, 300 എന്നിവ കൊണ്ട് ഗുണിക്കാം

| | | |
|---|---|---|
| 1 × 100 = 100 | 1 × 200 = 200 | 1 × 300 = 300 |
| 2 × 100 = 200 | 2 × 200 = 400 | 2 × 300 = 600 |
| 3 × 100 = 300 | 3 × 200 = 600 | 3 × 300 = 900 |
| 5 × 100 = ....... | 5 × 200 = ....... | 5 × 300 = ....... |
| 8 × 100 = ....... | 8 × 200 = ....... | 8 × 300 = ....... |
| 10 × 100 = ....... | 10 × 200 = ....... | 10 × 300 = ....... |
| 12 × 100 = ....... | 12 × 200 = ....... | 12 × 300 = ....... |
| 15 × 100 = ....... | 15 × 200 = ....... | 15 × 300 = ....... |
| 18 × 100 = ....... | 18 × 200 = ....... | 18 × 300 = ....... |
| 20 × 100 = ....... | 20 × 200 = ....... | 20 × 300 = ....... |
| 100 × 100 = ....... | 100 × 200 = ....... | 100 × 300 = ....... |

100, 200, 300 എന്നീ സംഖ്യകൾ കൊണ്ട് ഗുണിക്കാനുള്ള എളുപ്പവഴി നോട്ടുബുക്കിൽ എഴുതൂ.

## പഠനയാത്ര

നാലാം ക്ലാസിലെ 40 കുട്ടികളും മൂന്ന് അധ്യാപകരും രണ്ട് രക്ഷിതാക്കളും ഗെയിംസിറ്റി കാണാൻ പോയി. മുതിർന്നവർക്ക് 100 രൂപയും കുട്ടികൾക്ക് 50 രൂപയുമാണ് ടിക്കറ്റിന്റെ വില. ആകെ എത്ര രൂപ കൊടുക്കണം?




| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

ഗുണനഫലത്തിന് എന്തെങ്കിലും പ്രത്യേകത യുണ്ടോ? നിങ്ങൾ കണ്ടുപിടിച്ചത് എഴുതുക.

$1 \times 96$ = ....
$2 \times 48$ = ....
$4 \times 24$ = ....
$8 \times 12$ = ....
$16 \times 6$ = ....
$32 \times 3$ = ....

**ഞാൻ കണ്ടുപിടിച്ചത്**

## മതിൽ നിർമ്മാണം

മതിൽ കെട്ടാൻ മൈതാനത്ത് കല്ല് അടുക്കി വച്ചത് നോക്കൂ. ഒരു വരിയിൽ 5 കല്ല് വീതം 3 വരി. ഇതുപോലെ 4 അടുക്ക് കല്ല് ഉണ്ട്. ആകെ എത്ര കല്ല്?



**ഞാൻ കണക്കാക്കിയത്**

## അക്കങ്ങളുടെ ഗുണനഫലം

123 എന്ന സംഖ്യയിലെ അക്കങ്ങൾ ഗുണിച്ച് നോക്കൂ.

$1 \times 2 \times 3 = 6$

121 എന്ന സംഖ്യയിലെ അക്കങ്ങൾ ഗുണിച്ചാലോ?

$1 \times 2 \times 1 = 2$

ഈ രീതിയിൽ അക്കങ്ങളുടെ ഗുണനഫലം 2, 3, 5, 7 എന്നിവ വരുന്ന മൂന്നക്ക സംഖ്യകൾ എഴുതി നോക്കൂ.

**ഞാൻ കണ്ടുപിടിച്ച സംഖ്യകൾ**

## ബാങ്കിലേക്ക്...

മിത്രയുടെ അമ്മ പണം എടുക്കാൻ ബാങ്കിലെത്തി. 50 രൂപയുടെ 3 കെട്ട് നോട്ടാണ് കിട്ടിയത്. ഓരോ കെട്ടിലും 100 നോട്ടു വീതമുണ്ട്. ആകെ എത്ര രൂപ?




| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

## ഗണിത മാഗസിൻ

ഗണിത മാഗസിനിലേക്ക് ശ്രവ്യ തയ്യാറാക്കിയ സംഖ്യാപട്ടിക നോക്കൂ. ഇവയുടെ പ്രത്യേകത എന്താണ്?

$1 = 1 \times 1$

$1 + 3 = 4 = 2 \times 2$

$1 + 3 + 5 = 9 = 3 \times 3$

$1 + 3 + 5 + 7 = 16 = 4 \times 4$

അടുത്ത നാലുവരി എഴുതുക.

.................................................

.................................................

.................................................

.................................................

ഇനി ഇവ കണക്കാക്കാമോ?

1 + 3 + 5 + 7 +...........19 =

1 + 3 + 5 + 7 +...........99 =

$2 = 1 \times 2$

$2 + 4 = 6 = 2 \times 3$

$2 + 4 + 6 = 12 = 3 \times 4$

$2 + 4 + 6 + 8 = 20 = 4 \times 5$

അടുത്ത നാലുവരി എഴുതുക.

.................................................

.................................................

.................................................

.................................................

ഇനി ഇവ കണക്കാക്കാമോ?

2 + 4 + 6 + 8 +...........20 =

2 + 4 + 6 + 8 +...........100 =

1. അയനിമല സ്കൂളിന് ചുറ്റുമതിൽ കെട്ടുകയാണ്. 3 കൽപ്പണിക്കാരും 2 സഹായികളും ചേർന്ന് 8 ദിവസം കൊണ്ട് മതിൽകെട്ടി. കൽപ്പണിക്കാരന് ഒരു ദിവസത്തെ കൂലി 1000 രൂപയും സഹായിക്ക് 800 രൂപയുമാണ്. മതിൽ കെട്ടാൻ ആകെ എത്ര രൂപയാണ് കൂലി കൊടുത്തത്?

2. 6 പേനയ്ക്ക് 50 രൂപയാണ് വില. ഇത്തരം 15 പേന വാങ്ങാൻ എത്ര രൂപ വേണം?

3. സംഖ്യകൾ ഗുണിച്ചെഴുതിയത് പോലെ വലതുവശത്തെ ഒഴിഞ്ഞ വട്ടങ്ങളിലെ സംഖ്യകൾ കണ്ടുപിടിച്ച് എഴുതുക.

| × | 2 | 6 |
|---|---|---|
| 3 | 3 × 2 = 6 | 3 × 6 = 18 |
| 5 | 5 × 2 = 10 | 5 × 6 = 30 |

| × | ○ | 11 | ○ | ○ |
|---|---|---|---|---|
| ○ | 6 | 22 | ○ | ○ |
| ○ | 15 | ○ | 40 | ○ |
| ○ | 18 | ○ | ○ | 42 |
| ○ | ○ | 99 | ○ | ○ |

4. 1, 2, 3 എന്നീ അക്കങ്ങൾ ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ രണ്ടക്കസംഖ്യകൾ എഴുതൂ.

5. 1, 2, 3, 4 എന്നീ അക്കങ്ങൾ ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ രണ്ടക്കസംഖ്യകൾ എഴുതൂ.

### അന്വേഷണം

- ഏതെങ്കിലും ഒരു സംഖ്യയെ 9 കൊണ്ടു ഗുണിക്കുക. ഗുണനഫല ത്തിലെ അക്കങ്ങൾ കൂട്ടുക. കൂട്ടിക്കിട്ടുന്ന സംഖ്യയിൽ ഒന്നിൽക്കൂ ടുതൽ അക്കങ്ങൾ ഉണ്ടെങ്കിൽ അവ കൂട്ടുക. ഇങ്ങനെ ഒരക്കം കി ട്ടുന്നതുവരെ കൂട്ടുക. എന്താണ് കിട്ടിയത്? മറ്റ് സംഖ്യകളെടുത്ത് 9 കൊണ്ടുഗുണിച്ച് ഇങ്ങനെ ചെയ്തുനോക്കൂ.

# 8
# ഇങ്ങനെ അളക്കാം



## കണക്കുകളി

മികവുത്സവത്തിൽ കുട്ടികൾ പല വസ്തുക്കളുടെയും നീളം കണ്ടുപിടിച്ചു.

പട്ടിക നോക്കൂ... വസ്തുക്കളുടെ നീളം കണ്ടെത്തൂ.

| വസ്തുക്കൾ | | ഊഹിച്ച നീളം (സെന്റിമീറ്ററിൽ) | അളന്നു കിട്ടിയ നീളം (സെന്റിമീറ്ററിൽ) |
|---|---|---|---|
| പേന | | | |
| പെൻസിൽ | | | |
| നോട്ടു ബുക്ക് | വശം 1 | | |
| | വശം 2 | | |
| A4 പേപ്പർ | വശം 1 | | |
| | വശം 2 | | |




വസ്തുക്കളുടെ നീളം അളന്നപ്പോൾ എല്ലാ നീളവും കൃത്യമായി അളക്കാൻ കഴിഞ്ഞോ?









## കൃത്യമായി അളക്കാം

ചിത്രത്തിലെ പെൻസിലിന്റെ നീളം എത്രയാണ്?




13 സെന്റിമീറ്ററിനും 14 സെന്റിമീറ്ററിനും ഇടയിൽ അല്ലേ?

അടുത്തടുത്ത സെന്റിമീറ്റർ വരകൾക്കിടയിൽ 9 ചെറിയ വരകൾ ഉണ്ട്. 10 ചെറിയ അകലവുമുണ്ട്. പെൻസിലിന്റെ മുന 13 സെന്റിമീറ്റർ കഴിഞ്ഞുള്ള അഞ്ചാമത്തെ ചെറിയ വരയിലാണ്.



ചെറിയ രണ്ടു വരകൾക്കിടയിലെ അകലം ഒരു മില്ലിമീറ്ററാണ്.



പെൻസിലിന്റെ നീളം 13 സെന്റിമീറ്റർ 5 മില്ലിമീറ്ററാണ്.

10 മില്ലിമീറ്ററാണ് ഒരു സെന്റിമീറ്റർ

- നിങ്ങളുടെ ഗണിതപാഠപുസ്തകത്തിന്റെ വശങ്ങളുടെ നീളം അളന്നെഴുതൂ.

| വലിയ വശം | ചെറിയ വശം |
|---|---|
| ........................ | ........................ |

- നിങ്ങളുടെ സ്കെയിലിന്റെ നീളം അളന്നെഴുതൂ.

| വലിയ വശം | ചെറിയ വശം |
|---|---|
| ........................ | ........................ |

- നിങ്ങളുടെ നോട്ടുബുക്കിൽ സ്കെയിൽ ഉപയോഗിച്ച് ഒരു വര വരയ്ക്കൂ. നീളം അളന്നെഴുതൂ.

........................

## നീളമെത്ര?

പെൻസിലിന്റെ നീളം എഴുതൂ.




............ സെന്റിമീറ്റർ ............ മില്ലിമീറ്റർ




............ സെന്റിമീറ്റർ ............ മില്ലിമീറ്റർ




............ സെന്റിമീറ്റർ ............ മില്ലിമീറ്റർ




............ സെന്റിമീറ്റർ ............ മില്ലിമീറ്റർ




............ സെന്റിമീറ്റർ ............ മില്ലിമീറ്റർ

## കടലാസ് നാട

ചുവടെ കൊടുത്തിരിക്കുന്ന കടലാസ് നാടകളുടെ നീളം സ്കെയിൽ ഉപയോഗിച്ച് അളന്നെഴുതുക.



............ സെന്റിമീറ്റർ ............ മില്ലിമീറ്റർ



............ സെന്റിമീറ്റർ ............ മില്ലിമീറ്റർ



............ സെന്റിമീറ്റർ ............ മില്ലിമീറ്റർ



............ സെന്റിമീറ്റർ ............ മില്ലിമീറ്റർ

## വീണ്ടും അളന്നപ്പോൾ

കണക്കുകളിയിലെ വസ്തുക്കളുടെ നീളം ഒരിക്കൽ കൂടി അളന്നു നോക്കൂ. കൃത്യമായ അളവ് പട്ടികയിൽ എഴുതൂ.

| വസ്തുക്കൾ | | മുമ്പ് എഴുതിയ നീളം സെന്റിമീറ്ററിൽ | കൃത്യമായ നീളം സെന്റിമീറ്ററിലും മില്ലിമീറ്ററിലും |
|---|---|---|---|
| പേന | | | |
| പെൻസിൽ | | | |
| നോട്ടുബുക്ക് | വശം 1 | | |
| | വശം 2 | | |
| A 4 പേപ്പർ | വശം 1 | | |
| | വശം 2 | | |

## അളക്കൂ... കണ്ടുപിടിക്കൂ...

- വരയിലെ ഇടത്തെ അറ്റം മുതൽ അടയാളമിട്ട ഭാഗം വരെയുള്ള അകലം എത്രയാണ്? അളന്നെഴുതൂ...



- അടയാളമിട്ട ഭാഗം മുതൽ വലത്തെ അറ്റം വരെയുള്ള അകലം എത്രയാണ്?
- വരയുടെ ആകെ നീളം എത്രയാണ്?

**ഞാൻ കണക്കാക്കിയത്**

## പട്ടിക പൂരിപ്പിക്കുക

| മില്ലിമീറ്റർ | സെന്റിമീറ്റർ | മില്ലിമീറ്റർ | സെന്റിമീറ്റർ |
|---|---|---|---|
| 10 | 1 | 70 | |
| 20 | 2 | | 9 |
| | 4 | 100 | |

## പെൻസിലിന്റെ നീളം







5 സെന്റിമീറ്റർ = 50 മില്ലിമീറ്റർ

നിങ്ങളുടെ പെൻസിലിന്റെയും കൂട്ടുകാരുടെ പെൻസിലിന്റെയും നീളം അളന്ന് പട്ടികയിൽ എഴുതൂ.

| പേര് | പെൻസിലിന്റെ നീളം ഊഹം | പെൻസിലിന്റെ നീളം ശരിയായ അളവ് |
|---|---|---|
| | | |
| | | |
| | | |

## കണക്കാക്കി എഴുതാം.

| | | |
|---|---|---|
| 1 സെന്റിമീറ്റർ 8 മില്ലിമീറ്റർ | 10 മില്ലിമീറ്റർ + 8 മില്ലിമീറ്റർ | 18 മില്ലിമീറ്റർ |
| 5 സെന്റിമീറ്റർ 8 മില്ലിമീറ്റർ | ............................... | .................... |
| ............................... | ............................... | 24 മില്ലിമീറ്റർ |
| ............................... | 30 മില്ലിമീറ്റർ + 6 മില്ലിമീറ്റർ | .................... |

## ചെറിയ നീളം

ഒരു സെന്റിമീറ്ററിനെക്കാൾ നീളം കുറവുള്ളത് എന്തെല്ലാം?




- സ്ക്രൂ
-
-
-

## പട്ടികപൂർത്തിയാക്കൂ

മികവുത്സവത്തിൽ വസ്തുക്കളുടെ നീളം കണക്കാക്കുകയാണ് സാനുവിന്റെ കൂട്ടുകാർ. പട്ടിക പൂർത്തിയാക്കാൻ സഹായിക്കൂ...

| പേര് | വസ്തു | സെന്റിമീറ്ററിലും മില്ലിമീറ്ററിലും | മില്ലിമീറ്ററിൽ |
|---|---|---|---|
| റാണി, ചിന്നു | റിബൺ | 16 സെന്റിമീറ്റർ 5 മില്ലിമീറ്റർ | |
| ടീനു, അപ്പു | ചണനൂല് | | 256 മില്ലിമീറ്റർ |
| മനു, കനി | വർണ്ണക്കടലാസ് | 24 സെന്റിമീറ്റർ | |
| സാക്ഷി, ശ്രേയ | കട്ടിയുള്ള നൂല് | | 140 മില്ലിമീറ്റർ |

## ഈർക്കിൽ ചതുരം

ഈർക്കിൽ ഉപയോഗിച്ച് ടീനു 9 സെന്റിമീറ്റർ 5 മില്ലിമീറ്റർ വശമുള്ള ഒരു സമചതുരം ഉണ്ടാക്കുകയാണ്. ഇതിനായി മുറിച്ചെടുത്ത ഈർക്കിലിന്റെ ആകെ നീളം എത്രയാണ്?

ഒരു ഈർക്കിൽ കഷണത്തിന്റെ നീളം 9 സെന്റിമീറ്റർ 5 മില്ലിമീറ്റർ ആണല്ലോ.

4 ഈർക്കിൽ കഷണത്തിന്റെ നീളം എത്രയാണ്?

$4 \times 9 = 36$ സെന്റിമീറ്റർ      $4 \times 5 = 20$ മില്ലിമീറ്റർ

20 മില്ലിമീറ്റർ എത്ര സെന്റിമീറ്ററാണ്? ............

9 സെന്റിമീറ്റർ, 5 മില്ലിമീറ്റർ നീളമുള്ള 4 ഈർക്കിൽ കഷണത്തിന്റെ നീളം

= 36 സെന്റിമീറ്റർ + 2 സെന്റിമീറ്റർ   = .............. സെന്റിമീറ്റർ

ഇങ്ങനെയും എഴുതാം.

ഒരു ഈർക്കിൽ കഷണത്തിന്റെ നീളം = 9 സെന്റിമീറ്റർ 5 മില്ലിമീറ്റർ

4 ഈർക്കിൽ കഷണത്തിന്റെ നീളം = 4 × ( 9 സെന്റിമീറ്റർ + 5 മില്ലിമീറ്റർ)

= 4 × 95 മില്ലിമീറ്റർ

= .......... മില്ലിമീറ്റർ

= ..........സെന്റിമീറ്റർ

## ഈർക്കിലിന്റെ ആകെ നീളം

സാക്ഷി നാല് ഈർക്കിൽ കഷണം ഉപയോഗിച്ച് ചതുരം ഉണ്ടാക്കുകയാണ്. രണ്ട് കഷണങ്ങളുടെ ആകെ നീളം 20 സെന്റിമീറ്റർ 4 മില്ലിമീറ്ററും മറ്റു രണ്ട് കഷണങ്ങളുടെ ആകെ നീളം 16 സെന്റിമീറ്റർ 6 മില്ലിമീറ്ററുമാണ്. ഈർക്കിൽ കഷണങ്ങളുടെ ആകെ നീളം എത്രയാണ്?

നീളം അളക്കാൻ സാക്ഷിയെ സഹായിക്കൂ. കണക്കാക്കിയ രീതി എഴുതൂ.

**ഞാൻ കണക്കാക്കിയത്**

## ആകെ നീളം

ഒരു പെൻസിലിന്റെ നീളം 7 സെന്റിമീറ്ററും 8 മില്ലിമീറ്ററും. മറ്റൊരു പെൻസിലിന്റെ നീളം 5 സെന്റിമീറ്ററും 3 മില്ലിമീറ്ററും ആണ്. രണ്ടിനും കൂടി ആകെ എത്ര നീളമുണ്ട്?










13 സെന്റിമീറ്ററും 1 മില്ലിമീറ്ററും = 131 മില്ലിമീറ്റർ

**രീതി : 1**

7 സെന്റിമീറ്റർ 8 മില്ലിമീറ്റർ +
5 സെന്റിമീറ്റർ 3 മില്ലിമീറ്റർ
= 12 സെ മീ 11 മി മീ
= 12 സെ മീ 1 സെ മീ 1 മി മീ
= 13 സെ മീ 1 മി മീ

**രീതി : 2**

7 സെന്റിമീറ്റർ 8 മില്ലിമീറ്റർ
= 78 മില്ലിമീറ്റർ

5 സെ മീ 3 മി മീ
= 53 മി മീ

78 മി മീ + 53 മി മീ
= 131 മി മീ

സെന്റിമീറ്റർ അളവിനെ സെ മീ എന്നും മില്ലിമീറ്റർ അളവിനെ മി മീ എന്നും എഴുതാറുണ്ട്.

## പൊട്ടിയ സ്കെയിൽ



എന്റെ സ്കെയിൽ പൊട്ടിപ്പോയി. 8 സെന്റി മീറ്റർ 4 മില്ലിമീറ്റർ നീളമുള്ള കഷണം എന്റെ കൈയി ലുണ്ട്

ബാക്കി എന്റെ കൈയിലുമുണ്ടേ



രണ്ടും കൂടെ ചേർന്നാൽ 15 സെന്റിമീറ്റർ ആകണം



ബാക്കി ഭാഗത്തിന്റെ നീളം എങ്ങനെ കണക്കാക്കാം?

**രീതി : 1**

15 സെന്റിമീറ്റർ − 8 സെന്റിമീറ്റർ 4 മില്ലിമീറ്റർ

= 14 സെന്റിമീറ്റർ 1 സെന്റിമീറ്റർ − 8 സെന്റിമീറ്റർ 4 മില്ലിമീറ്റർ

= 14 സെന്റിമീറ്റർ 10 മില്ലിമീറ്റർ − 8 സെന്റിമീറ്റർ 4 മില്ലിമീറ്റർ

14 സെന്റിമീറ്ററിൽ നിന്ന് 8 സെന്റിമീറ്ററും 10 മില്ലിമീറ്ററിൽ നിന്ന് 4 മില്ലിമീറ്ററും കുറച്ചാൽ 6 സെന്റിമീറ്റർ 6 മില്ലിമീറ്റർ എന്നുകിട്ടും



| | |
|---|---|
| 14 സെന്റിമീറ്റർ | 10 മില്ലിമീറ്റർ − |
| 8 സെന്റിമീറ്റർ | 4മില്ലിമീറ്റർ |
| 6 സെന്റിമീറ്റർ | 6 മില്ലിമീറ്റർ |

**രീതി : 2**

15 സെന്റിമീറ്റർ − 8 സെന്റിമീറ്റർ 4 മില്ലിമീറ്റർ

= 150 മില്ലിമീറ്റർ − 84 മില്ലിമീറ്റർ

= 66 മില്ലിമീറ്റർ

= 6 സെന്റിമീറ്റർ 6 മില്ലിമീറ്റർ

## സ്കൂൾ കായികമേള




ചിന്നു ചാടിയ ദൂരം നോക്കൂ.

| ചാട്ടം | ചാടിയ ദൂരം |
|---|---|
| 1 | 1 മീ 96 സെ മീ |
| 2 | 2 മീ 17 സെ മീ |
| 3 | 2 മീ 46 സെ മീ |

ചിന്നു ചാടിയതിൽ ഏറ്റവും കൂടിയ ദൂരം എത്രയാണ്?




1 മീറ്റർ = 100 സെ മീ

- ആദ്യ ചാട്ടത്തെക്കാൾ എത്ര ദൂരം കൂടുതലാണ് മൂന്നാം തവണ ചാടിയത്?

- രണ്ടാമത്തെ ചാട്ടത്തെക്കാൾ എത്ര ദൂരം കൂടുതലാണ് മൂന്നാം തവണ ചാടിയത്?

## ഓട്ടമത്സരം




- 3000 മീറ്റർ ആകാൻ ചിന്നുവിന്റെ ചേട്ടൻ ഇനിയെത്രദൂരം ഓടണം?

- 3000 മീറ്റർ എത്ര കിലോമീറ്ററാണ്?




| | |
|---|---|
| ഒരു മീറ്റർ | = 100 സെന്റിമീറ്റർ |
| അര മീറ്റർ | = 50 സെന്റിമീറ്റർ |
| കാൽ മീറ്റർ | = 25 സെന്റിമീറ്റർ |
| മുക്കാൽ മീറ്റർ | = 75 സെന്റിമീറ്റർ |

| | |
|---|---|
| ഒരു കിലോമീറ്റർ | = 1000 മീറ്റർ |
| അര കിലോമീറ്റർ | = 500 മീറ്റർ |
| കാൽ കിലോമീറ്റർ | = 250 മീറ്റർ |
| മുക്കാൽ കിലോമീറ്റർ | = 750 മീറ്റർ |

**നീളം എഴുതൂ**

| | |
|---|---|
| ഒന്നര മീറ്റർ = .................... സെ മീ | ആറര മീറ്റർ = .................... സെ മീ |
| അഞ്ചേമുക്കാൽ മീറ്റർ = .................... സെ മീ | രണ്ടേകാൽ മീറ്റർ = .................... സെ മീ |

## സ്കൂളിലേക്ക്...

മികവുത്സവം കഴിഞ്ഞ് ചിന്നു അച്ഛനോടൊപ്പം വീട്ടിലേക്ക് പോയി.




- ചിന്നുവിന്റെ സ്കൂളിൽ നിന്നും വീട്ടിലേക്കുള്ള ദൂരം മീറ്ററിൽ എഴുതൂ.

ചിന്നുവിന്റെ കൂട്ടുകാരുടെ വീടും സ്കൂളും തമ്മിലുള്ള ദൂരം നോക്കൂ.

വിട്ടുപോയ അളവുകൾ എഴുതൂ.

| പേര് | ദൂരം മീറ്ററിൽ | ദൂരം കിലോമീറ്ററിലും മീറ്ററിലും |
|---|---|---|
| മനു | 2500 മീറ്റർ | രണ്ട് കിലോമീറ്റർ 500 മീറ്റർ |
| ആരതി | 5245 മീറ്റർ | |
| സിയ | | 3 കിലോമീറ്റർ 800 മീറ്റർ |
| ആൽബിൻ | | നാലര കിലോമീറ്റർ |

## സൈക്കിൾ യാത്ര

മനു സൈക്കിളിലാണ് സ്കൂളിലേക്ക് പോകുന്നത്. സ്കൂളിലേക്കും തിരിച്ച് വീട്ടിലേക്കും സഞ്ചരിച്ച ദൂരം എത്രയാണ്? പട്ടിക നോക്കി കണക്കാക്കൂ.



**രീതി : 1**

2500 മീറ്റർ + 2500 മീറ്റർ = 5000 മീറ്റർ

= 5 കിലോമീറ്റർ

**രീതി : 2**

രണ്ടര കിലോമീറ്റർ + രണ്ടര കിലോമീറ്റർ

2 കിലോമീറ്റർ 500 മീറ്റർ +

2 കിലോമീറ്റർ 500 മീറ്റർ

= 4 കിലോമീറ്റർ + 1000 മീറ്റർ

= 4 കിലോമീറ്റർ + 1 കിലോമീറ്റർ

= 5 കിലോമീറ്റർ

2500 മീറ്റർ എന്നത് രണ്ടര കിലോമീറ്റർ ആണ്.

മീറ്ററിനെ 'മീ' എന്നും കിലോമീറ്ററിനെ 'കി മീ' എന്നും ചുരുക്കി എഴുതാറുണ്ട്.

- സിയ സ്കൂളിൽ പോയി തിരിച്ച് വീട്ടിലെത്തിയപ്പോൾ ആകെ സഞ്ചരിച്ച ദൂരം എത്രയാണ്? പട്ടിക നോക്കി കണക്കാക്കൂ.

കിലോമീറ്ററിലും മീറ്ററിലും എഴുതണേ



**ഇങ്ങനെയും പറയാം**

- മൂന്നേകാൽ കിലോമീറ്റർ = 3 കി മീ 250 മീ
- നാലര കിലോമീറ്റർ = 4 കി മീ 500 മീ
- അഞ്ചേമുക്കാൽ കിലോമീറ്റർ = 5 കി മീ 750 മീ

## പഠനയാത്ര

- ചിന്നുവും കൂട്ടുകാരും സ്കൂളിൽ നിന്നും മൃഗശാലയിലേക്ക് പഠനയാത്ര പോയി.







- ചിന്നുവിനും കൂട്ടുകാർക്കും മൃഗശാലയിലെത്താൻ ഇനി എത്ര ദൂരം പോകണം?

**ഞാൻ കണക്കാക്കിയത്**




- മൃഗശാലയും പാർക്കും ഒരേ വഴിയിലാണ്. സ്കൂളിൽ നിന്ന് പാർക്കിലേക്കുള്ള ദൂരം 30 കിലോമീറ്ററാണ്. മൃഗശാലയിൽ നിന്ന് പാർക്കിലെത്താൻ എത്ര ദൂരം യാത്ര ചെയ്യണം?

## കെ - ഫോൺ

ചീലിക്കോട് പഞ്ചായത്ത് 3 സ്കൂളുകളിൽ കെ ഫോൺ കണക്ഷൻ കൊടുക്കുന്നു. 20 കിലോമീറ്റർ ദൂരം കേബിൾ വലിക്കണം. പൊന്നുമല സ്കൂളിൽ നിന്ന് മിന്നിയാട് സ്കൂളിലേക്ക് 12 കിലോമീറ്റർ 673 മീറ്റർ ദൂരം കേബിൾ വലിച്ചു. മൂന്നാമത്തെ സ്കൂളിലേക്ക് കണക്ഷൻ കൊടുക്കാൻ എത്ര ദൂരം കേബിൾ വലിക്കണം?




പൊന്നുമല സ്കൂളിൽ നിന്ന് മിന്നിയാട് സ്കൂളിലേക്ക് 12 കിലോമീറ്റർ 673 മീറ്റർ ദൂരമുണ്ട്.

മൂന്നാമത്തെ സ്കൂളിലേക്ക് കണക്ഷൻ കൊടുക്കാൻ കേബിൾ വലിക്കേണ്ട ദൂരം എങ്ങനെ കണക്കാക്കും?

**രീതി 1**

20 കിലോമീറ്റർ – 12 കിലോമീറ്റർ 673 മീറ്റർ

20 കിലോമീറ്റർ = 19 കിലോമീറ്റർ 1 കിലോമീറ്റർ

19 കിലോമീറ്റർ 1 കിലോമീറ്റർ – 12കിലോമീറ്റർ 673 മീറ്റർ

19 കിലോമീറ്റർ – 12 കിലോമീറ്റർ = 7 കിലോമീറ്റർ

1 കിലോമീറ്റർ – 673 മീറ്റർ = 1000 മീറ്റർ – 673 മീറ്റർ

= 327 മീറ്റർ

20 കിലോമീറ്റർ – 12 കിലോമീറ്റർ 673 മീറ്റർ

= 7 കിലോമീറ്റർ 327 മീറ്റർ

**രീതി 2**

20 കിലോമീറ്റർ – 12 കിലോമീറ്റർ 673 മീറ്റർ

20 കിലോമീറ്റർ = 20000 മീറ്റർ

12 കിലോമീറ്റർ 673 മീറ്റർ = 12000 മീറ്റർ + 673 മീറ്റർ

= 12673 മീറ്റർ

20 കിലോമീറ്റർ – 12 കിലോമീറ്റർ 673 മീറ്റർ

= 20000 മീറ്റർ – 12673 മീറ്റർ

= 7327 മീറ്റർ

=7 കിലോമീറ്റർ 327 മീറ്റർ

## റോഡ് ടാറിങ്ങ്

ആരതിയുടെ വീടിന്റെ മുന്നിലുള്ള റോഡ് ടാറ് ചെയ്യുന്നു. 9 കിലോമീറ്ററും 825 മീറ്ററുമാണ് ടാറ് ചെയ്യേണ്ടത്. ആദ്യത്തെ ദിവസം 4 കിലോമീറ്ററും 300 മീറ്ററും ടാർ ചെയ്തു. ബാക്കി എത്ര ദൂരം ടാറ് ചെയ്യാനുണ്ട്?

**രീതി 1**

9 കിലോമീറ്റർ 825 മീറ്റർ – 4 കിലോമീറ്റർ 300 മീറ്റർ

9825 മീറ്റർ – 4300 മീറ്റർ

9000 മീറ്റർ – 4000 മീറ്റർ = 5000 മീറ്റർ

825 മീറ്റർ – 300 മീറ്റർ = 525 മീറ്റർ

5000 മീറ്റർ + 525 മീറ്റർ = 5525 മീറ്റർ

= 5 കിലോമീറ്റർ 525 മീറ്റർ

**രീതി 2**

9 കിലോമീറ്റർ 825 മീറ്റർ – 4 കിലോമീറ്റർ 300 മീറ്റർ

9 കിലോമീറ്റർ – 4 കിലോമീറ്റർ = 5 കിലോമീറ്റർ

825 മീറ്റർ – 300 മീറ്റർ = 525 മീറ്റർ

9 കിലോമീറ്റർ 825 മീറ്റർ – 4 കിലോമീറ്റർ 300 മീറ്റർ

= 5 കിലോമീറ്റർ 525 മീറ്റർ

1. മികവുത്സവത്തിന് രക്ഷിതാക്കൾക്കുള്ള ക്ഷണക്കത്ത് തയ്യാറാക്കുന്നു. ലിനിക്ക് കിട്ടിയ ചതുരക്കാർഡിന്റെ വശങ്ങളുടെ നീളം 16 സെന്റിമീറ്റർ 8 മില്ലിമീറ്ററും 9 സെന്റിമീറ്റർ 2 മില്ലിമീറ്ററും ആണ്. കാർഡിന് ചുറ്റും കളർ പേപ്പർ ഒട്ടിച്ച് ഭംഗിയാക്കാൻ ആവശ്യമായ പേപ്പറിന്റെ നീളം എത്രയാണ്?
2. ചിന്നുവിന്റെ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിന് ആദ്യ ആഴ്ച 6 കിലോമീറ്റർ 700 മീറ്ററും, രണ്ടാമത്തെ ആഴ്ച 8 കിലോമീറ്റർ 300 മീറ്ററും പൈപ്പ് സ്ഥാപിച്ചു. ആകെ എത്ര ദൂരം പൈപ്പ് സ്ഥാപിച്ചു?

3. 'രക്തദാനം മഹാദാനം' സന്ദേശം പകരാൻ ചിന്നുവിന്റെ സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം (എൻ എസ് എസ്) കൂട്ടുകാർ സൈക്കിൾ ജാഥ നടത്തി രണ്ടു ദിവസങ്ങളിലായി 17 കിലോമീറ്റർ 200 മീറ്ററാണ് സഞ്ചരിച്ചത്. ആദ്യ ദിവസം 9 കിലോമീറ്റർ 300 മീറ്റർ സഞ്ചരിച്ചു. രണ്ടാം ദിവസം എത്ര ദൂരം സഞ്ചരിച്ചു?
4. മഴക്കാലത്തിന് മുൻപുള്ള ശുചീകരണത്തിന്റെ ഭാഗമായി 15 കിലോമീറ്റർ നീളമുള്ള ഇരുവേലിപ്പുഴ മൂന്നുദിവസം കൊണ്ട് വൃത്തിയാക്കി. ആദ്യ ദിവസം 4 കിലോമീറ്റർ 325 മീറ്റർ ദൂരവും രണ്ടാം ദിവസം 6 കിലോമീറ്റർ 500 മീറ്റർ ദൂരവും വൃത്തിയാക്കി. മൂന്നാം ദിവസം വൃത്തിയാക്കിയ ദൂരം എത്രയാണ്?
5. മികവുത്സവത്തിന്റെ ഭാഗമായി ബാഡ്ജ് ഉണ്ടാക്കാൻ ലിനി റിബൺ മുറിച്ച് കൂട്ടുകാർക്ക് കൊടുത്തു. പട്ടിക നോക്കി ചോദ്യങ്ങളുടെ ഉത്തരം കണക്കാക്കുക.

| പേര് | റിബണിന്റെ നീളം |
|---|---|
| ജാൻവി | 24 സെ മീ 6 മി മീ |
| ഹാദിയ | 21 സെ മീ 5 മി മീ |
| അഭി | 19 സെ മീ 4 മി മീ |
| ഫാരിസ് | 26 സെ മീ 7 മി മീ |

- ഹാദിയയ്ക്ക് കിട്ടിയതിനേക്കാൾ എത്ര നീളം കൂടുതലാണ് ഫാരിസിന് കിട്ടിയ റിബണിന്?
- ജാൻവിയും അഭിയും അവർക്ക് കിട്ടിയ റിബണുകൾ അറ്റത്തോടറ്റം ചേർത്തുവെച്ച് അളന്നുനോക്കി. ആകെ നീളം എത്രയായിരിക്കും?
- ബാക്കി വന്ന റിബൺ, ഫാരിസിന് കിട്ടിയ റിബണിന്റെ അറ്റത്ത് ചേർത്തുവച്ച് അളന്നപ്പോൾ ആകെ നീളം 40 സെന്റിമീറ്റർ ആയി. ബാക്കി വന്ന റിബണിന്റെ നീളം കണക്കാക്കുക.

6. കായികമേളയ്ക്ക് തോരണം കെട്ടാൻ പല നിറത്തിലുള്ള റിബൺ വാങ്ങി.
- 42 സെന്റിമീറ്റർ 50 മില്ലിമീറ്റർ നീളമുള്ള പച്ച റിബണിൽ നിന്നും ഒരു റിബൺ വളയം ഉണ്ടാക്കാൻ 10 സെന്റിമീറ്റർ 5 മില്ലിമീറ്റർ മുറിച്ചെടുത്തു. ബാക്കി കഷണത്തിന്റെ നീളം എത്രയാണ്?
- 35 സെന്റിമീറ്റർ 8 മില്ലിമീറ്റർ നീളമുള്ള ചുവന്ന റിബണിൽ നിന്ന് 10 സെന്റിമീറ്റർ 5 മില്ലിമീറ്റർ നീളമുള്ള ഒരു കഷണം മുറിച്ച് മാറ്റിയാൽ ബാക്കിവരുന്ന റിബണിന്റെ നീളം എത്രയാണ്?
- 95 സെന്റിമീറ്റർ 4 മില്ലിമീറ്റർ നീളമുള്ള നീല റിബണിൽ നിന്ന് 10 സെന്റിമീറ്റർ 5 മില്ലിമീറ്റർ നീളമുള്ള രണ്ട് കഷണം മുറിച്ച് മാറ്റിയാൽ ബാക്കി വരുന്ന റിബണിന്റെ നീളം എത്രയാണ്?

# 9

# തുല്യമായ കൂട്ടം



പട്ടുമല എൽ പി സ്കൂളിലെ പ്രവൃത്തിപരിചയക്യാമ്പിന്റെ ചിത്രം നോക്കൂ. ചിത്രത്തിൽ എന്തെല്ലാമാണ് കാണുന്നത്? നോട്ടുബുക്കിൽ എഴുതൂ.

## തുല്യമാക്കാം

പട്ടുമല എൽ പി സ്കൂളിലെ 'ഹരിതം' പ്രവൃത്തിപരിചയക്ലബ്ബ് നിർമ്മിച്ച സോപ്പുകട്ട നോക്കൂ. ചിത്രത്തിൽ എത്ര സോപ്പുകട്ടയുണ്ട്?

.... × ..... =



സോപ്പുകട്ടയുടെ എണ്ണം തുല്യമാകത്തക്കവിധം രണ്ട് പെട്ടിയിലാക്കിയാലോ?

ഒരു പെട്ടിയിൽ എത്ര സോപ്പുകട്ടയുണ്ട്?



സോപ്പുകട്ടയുടെ എണ്ണം തുല്യമാകത്തക്ക വിധം 3 പെട്ടിയിലാക്കിയാലോ? ചുവടെയുള്ള ചിത്രത്തിൽ തന്നെ വരയ്ക്കൂ.

ഇപ്പോൾ ഒരു പെട്ടിയിൽ എത്ര സോപ്പുകട്ടയുണ്ട്?



സോപ്പുകട്ടയുടെ എണ്ണം തുല്യമാകും വിധം 4 പെട്ടിയിലാക്കിയാലോ? വരയ്ക്കൂ.



ഇപ്പോൾ ഒരു പെട്ടിയിൽ എത്ര സോപ്പുകട്ടയുണ്ട്?

സോപ്പുകട്ടയുടെ എണ്ണം തുല്യമാകും വിധം 6 പെട്ടിയിലാക്കിയാലോ? വരയ്ക്കൂ.



ഇപ്പോൾ ഒരു പെട്ടിയിൽ എത്ര സോപ്പുകട്ടയുണ്ട്?

സോപ്പുകട്ടയുടെ എണ്ണം തുല്യമാകും വിധം 9 പെട്ടിയിലാക്കിയാലോ?

വരയ്ക്കൂ.



ഇപ്പോൾ ഒരു പെട്ടിയിൽ എത്ര സോപ്പുകട്ടയുണ്ട്?

## ഇങ്ങനെയും കണക്കാക്കാം

36 സോപ്പുകട്ട ഒരേ എണ്ണമുള്ള രണ്ട് കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിൽ എത്രയെണ്ണം?

ഗണിതരൂപത്തിൽ ഇങ്ങനെ എഴുതാം.




$36 \div 2 =$

36 സോപ്പുകട്ട ഒരേ എണ്ണമുള്ള 3 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിൽ എത്രയെണ്ണം?

| | |
|---|---|
| $36 \div 3 =$ | $3 \times .... = 36$ |

36 സോപ്പുകട്ട ഒരേ എണ്ണമുള്ള 4 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിൽ എത്രയെണ്ണം?

| | |
|---|---|
| $36 \div 4 =$ | $4 \times .... = 36$ |

36 സോപ്പുകട്ട ഒരേ എണ്ണമുള്ള 6 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിൽ എത്രയെണ്ണം?

| | |
|---|---|
| $36 \div 6 =$ | $6 \times .... = 36$ |

36 സോപ്പുകട്ട ഒരേ എണ്ണമുള്ള 9 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിൽ എത്രയെണ്ണം?

| | |
|---|---|
| $36 \div 9 =$ | $9 \times .... = 36$ |

## കളങ്ങൾ പൂരിപ്പിക്കൂ







3, 6 എന്നീ സംഖ്യകൾക്ക് പകരം മറ്റ് സംഖ്യകൾ ഉപയോഗിച്ച് ഇതേ രീതിയിൽ നോട്ടുബുക്കിൽ എഴുതൂ.

## പായ്ക്കറ്റിൽ നിറയ്ക്കാം

പ്രവൃത്തിപരിചയക്ലബ്ബ് ഓരോ ദിവസവും ഉണ്ടാക്കിയ സോപ്പിന്റെ എണ്ണം പട്ടികയിൽ കാണിച്ചിട്ടുണ്ട്. ഇവ പായ്ക്കറ്റിലാക്കുക.

| ദിവസം | എണ്ണം | പായ്ക്കറ്റുകളുടെ എണ്ണം | |
|---|---|---|---|
| | | ഓരോ പായ്ക്കറ്റിലും 2 എണ്ണം വീതം നിറച്ചാൽ | ഓരോ പായ്ക്കറ്റിലും 4 എണ്ണം വീതം നിറച്ചാൽ |
| തിങ്കൾ | 36 | | |
| ചൊവ്വ | 32 | | |
| ബുധൻ | 24 | | |
| വ്യാഴം | 48 | | |
| വെള്ളി | 40 | | |
| **ആകെ എണ്ണം** | | | |

2 വീതം നിറച്ചപ്പോഴും 4 വീതം നിറച്ചപ്പോഴും പായ്ക്കറ്റിന്റെ എണ്ണത്തിൽ എന്തുമാറ്റമാണ് ഉണ്ടായത്?

ആകെ സോപ്പുകളുടെ എണ്ണം എത്രയാണ്?

**ഞാൻ കണക്കാക്കിയത്**

ഒരു സോപ്പുകട്ട 20 രൂപയ്ക്ക് വിറ്റാൽ ക്ലബ്ബിന് ആകെ എത്ര രൂപ കിട്ടും? എങ്ങനെ കണക്കാക്കാം?

**ഞാൻ കണക്കാക്കിയത്**

കിട്ടിയതെല്ലാം 100 രൂപ നോട്ടാണെങ്കിൽ നോട്ടുകളുടെ എണ്ണം?

എല്ലാം 200 രൂപയുടെ നോട്ടാണെങ്കിൽ എത്ര നോട്ടുകൾ?

ഹരണചിഹ്നം ഉപയോഗിച്ച് എഴുതിയാലോ?

3600 ÷ 100 = .........

3600 ÷ 200 = .........

## മനക്കണക്കായി ചെയ്യാമോ?

| | | | |
|---|---|---|---|
| 36 ÷ 2 = ............ | 36 ÷ 4 =............ | 40 ÷ 2 = ............ | 40 ÷ 4 = ............ |
| 32 ÷ 2 = ............ | 32 ÷ 4 = ............ | 72 ÷ 2 = ............ | 72 ÷ 4 = ............ |

മുകളിലെ പട്ടിക ഉപയോഗിച്ച് 76 ÷ 2 എങ്ങനെ കണക്കാക്കാം?

76 = 40 + 36 ആണല്ലോ.

40 എണ്ണത്തെ തുല്യമായ 2 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിലെ എണ്ണം = .....

36 എണ്ണത്തെ തുല്യമായ 2 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിലെ എണ്ണം = .....

76 എണ്ണത്തെ തുല്യമായ 2 കൂട്ടമാക്കിയാൽ ഒരു കൂട്ടത്തിലെ എണ്ണം = .....

## കണക്കാക്കുക

| | | |
|---|---|---|
| 68 ÷ 2 = ............ | 68 ÷ 4 =............ | 76 ÷ 4 = ............ |

## പൂരിപ്പിക്കൂ...

| | | | |
|---|---|---|---|
| 8 × 6 = 48 | 9 × 4 = 36 | 7 × 6 = 42 | 6 × 5 = 30 |
| 48 ÷ 8 = 6<br>48 ÷ 6 = 8 | 36 ÷ 4 = ...<br>..................... | .....................<br>..................... | .....................<br>..................... |

കണ്ടെത്തിയ ബന്ധം നോട്ടുബുക്കിൽ എഴുതൂ.

## പാവ നിർമ്മാണം

പ്രവൃത്തിപരിചയക്യാമ്പിൽ കുട്ടികളെ പല കൂട്ടങ്ങളാക്കി. ഓരോ കൂട്ടവും 48 പാവയാണ് ഉണ്ടാക്കിയത്. ഇവ 6 പെട്ടിയിൽ തുല്യമായി വയ്ക്കുകയാണ്. ഒന്നാമത്തെ കൂട്ടത്തിന്റെ നേതാവായ സന ചെയ്തത് നോക്കൂ.

ഓരോ പെട്ടിയിലും ഒരു പാവ വീതം വച്ചു.



ആകെ എത്ര പാവയാണ് പെട്ടിയിൽ വച്ചത്?

എത്ര പാവ ബാക്കിയുണ്ട്?

വീണ്ടും ഓരോന്നുകൂടി വച്ചാലോ?



എത്രയെണ്ണം കൂടി എടുത്തു?

ഇനി എത്ര പാവ ബാക്കിയുണ്ട്?

ഇങ്ങനെ തുടർന്നാലോ?

ഓരോ പെട്ടിയിലും ആകെ എത്ര പാവ വയ്ക്കാം?

ഗണിതരൂപത്തിൽ എഴുതിയാൽ

..... ÷ ..... = .....

48 − 6 = 42

42 − 6 = 36

36 − 6 = 30

.......................................

.......................................

.......................................

.......................................

.......................................

## പാവകളെ തുല്യമായി വീതിച്ച ചിത്രം നോക്കൂ.

| പാവകളുടെ എണ്ണം | പെട്ടി 1 | പെട്ടി 2 | പെട്ടി 3 | പെട്ടി 4 | പെട്ടി 5 | പെട്ടി 6 | മിച്ചം |
|---|---|---|---|---|---|---|---|
| 6 | | | | | | | 48 − 6 = 42 |
| 6 | | | | | | | 42 − 6 = 36 |
| 6 | | | | | | | 36 − 6 = 30 |
| 6 | | | | | | | 30 − 6 = 24 |
| 6 | | | | | | | 24 − 6 = 18 |
| 6 | | | | | | | 18 − 6 = 12 |
| 6 | | | | | | | 12 − 6 = 6 |
| 6 | | | | | | | 6 − 6 = 0 |
| **ആകെ എണ്ണം** | **8** | **8** | **8** | **8** | **8** | **8** | **6 × 8 = 48** |

48 പാവകളെ തുല്യ എണ്ണമുള്ള 6 കൂട്ടമാക്കി. ഓരോ കൂട്ടത്തിലും 8 പാവയുണ്ട്.

ഗണിതരൂപത്തിൽ എഴുതിയാൽ 48 ÷ 6 = ........

48 പാവകളെ ഒരു പെട്ടിയിൽ 8 എണ്ണം വീതം എത്ര പെട്ടിയിൽ നിറയ്ക്കാം?

## ഇങ്ങനെയും വയ്ക്കാം

രണ്ടാമത്തെ കൂട്ടം പെട്ടിയിൽ പാവ വച്ചത് നോക്കൂ.

ഓരോ പെട്ടിയിലും 5 എണ്ണം വീതം വച്ചു.

ആകെ എത്ര പാവയാണ് വച്ചത്? | 6 × 5 = .....

ഇനി എത്ര കൂടി വയ്ക്കാനുണ്ട്? | ........

ഓരോ പെട്ടിയിലും 5 എണ്ണം വീതം
വീണ്ടും വയ്ക്കാൻ കഴിയുമോ?

2 എണ്ണം വീതം വച്ചാലോ? എത്ര എണ്ണം വയ്ക്കാം? | ..... × ..... = .....

ബാക്കി വന്നത് എത്രയാണ്? | ........

ഇവ എത്ര എണ്ണം വീതം വയ്ക്കാം? | ..... × ..... = .....

ഓരോ പെട്ടിയിലും
ആകെ എത്രയെണ്ണം? | 5 + 2 + 1 = 8 എണ്ണം

| പാവകളുടെ എണ്ണം | പെട്ടി 1 | പെട്ടി 2 | പെട്ടി 3 | പെട്ടി 4 | പെട്ടി 5 | പെട്ടി 6 | മിച്ചം |
|---|---|---|---|---|---|---|---|
| 6 × 5= 30 |  |  |  |  |  |  | 48 − 30 = 18 |
| 6 × 2= 12 |  |  |  |  |  |  | 18 − 12 = 6 |
| 6 × 1= 6 |  |  |  |  |  |  | 6 − 6 = 0 |
| **ആകെ എണ്ണം** | **8** | **8** | **8** | **8** | **8** | **8** | **6 × 8 = 48** |

48 പാവകളെ തുല്യ എണ്ണമുള്ള 6 കൂട്ടമാക്കി. ഓരോ കൂട്ടത്തിലും 8 പാവയുണ്ട്.

ഗണിതരൂപത്തിൽ എഴുതിയാൽ 48 ÷ 6 = 8

ക്രിയ ഇങ്ങനെയും എഴുതാം.

| | |
|---|---|
| 5 എണ്ണം വീതം വച്ചാൽ<br>6 × 5 | 48–<br>30 |
| 2 എണ്ണം വീതം വച്ചാൽ<br>6 × 2 | 18–<br>12 |
| 1 എണ്ണം വീതം വച്ചാൽ<br>6 × 1 | 6–<br>6 |

| | 6 | |
|---|---|---|
| 5 | 48–<br>30 | 6 × 5 |
| 2 | 18–<br>12 | 6 × 2 |
| 1 | 6–<br>6 | 6 × 1 |
| **48 ÷ 6<br>= 8** | **0** | **6 × 8 = 48** |

## ഫ്രൂട്ട് സാലഡ്

ക്യാമ്പിൽ ഫ്രൂട്ട് സാലഡ് ഉണ്ടാക്കുന്ന പ്രവർത്തനവുമുണ്ട്. അതിനായി കൊണ്ടുവന്നത് 48 ഓറഞ്ചാണ്.

ഇത് കുട്ടികളുടെ 6 കൂട്ടത്തിനും തുല്യമായി വീതിക്കണം.

ആദ്യം ഓരോ കൂട്ടത്തിനും 6 എണ്ണം വീതം കൊടുത്തു.

ആകെ എത്ര എണ്ണം കൊടുത്തു? | 6 × 6 = .....

ബാക്കി എത്രയുണ്ട്? | ..........

ഇവ 2 എണ്ണം വീതം കൊടുത്താലോ?
ആകെ എത്രയെണ്ണം കൊടുക്കാം? | 6 × 2 = .....

ഓരോ കൂട്ടത്തിനും ആകെ എത്ര കിട്ടി? | 6 + 2 = 8

48 ഓറഞ്ച് 6 കൂട്ടത്തിനും തുല്യമായി വീതിച്ചു കൊടുത്തപ്പോൾ ഓരോ കൂട്ടത്തിനും എത്ര എണ്ണം കിട്ടി? | ..........

ഇത് ഗണിതരൂപത്തിൽ എഴുതൂ | ..........

## ഓറഞ്ച് വീതംവച്ച രീതി.

| കൊടുത്തത് | കൂട്ടം 1 | കൂട്ടം 2 | കൂട്ടം 3 | കൂട്ടം 4 | കൂട്ടം 5 | കൂട്ടം 6 | മിച്ചം |
|---|---|---|---|---|---|---|---|
| 6 × 6= 36 |  |  |  |  |  |  | 48 − 36 = 12 |
| 6 × 2= 12 |  |  |  |  |  |  | 12 − 12 = 0 |
| ആകെ | **8** | **8** | **8** | **8** | **8** | **8** | **6 × 8 = 48** |

ഓറഞ്ച് വീതംവച്ചത് ഇങ്ങനെ എഴുതാം.

| | |
|---|---|
| 6 വീതം കൊടുത്താൽ (6 × 6) | 48 − 36 |
| 2 വീതം കൊടുത്താൽ (6 × 2) | 12 − 12 |

| | **6** | |
|---|---|---|
| 6 | 48− 36 | (6 × 6) |
| 2 | 12− 12 | (6 × 2) |
| **48 ÷ 6 = 8** | **0** | **6 × 8 = 48** |

## രണ്ടു തവണ മാത്രം

ഓരോ കൂട്ടത്തിനും രണ്ടു തവണ മാത്രം ഓറഞ്ച് കൊടുത്താൽ, ഏതെല്ലാം രീതിയിൽ തുല്യമായി വീതിക്കാം?

ചുവടെ കാണിച്ചിരിക്കുന്നതുപോലെ എഴുതിനോക്കൂ. വേറെയും വഴികളുണ്ടോ?




### പസിൽ കോർണർ




ഓരോ വരയിലെയും മൂന്നു സംഖ്യകൾ. ഗുണിച്ചാൽ 72 കിട്ടണം.




വിലങ്ങനെയും കുത്തനെയുമുള്ള മൂന്നു സംഖ്യകൾ ഗുണിച്ചാൽ 72 കിട്ടണം. നടുക്കുള്ള സംഖ്യ 2 ന് പകരം 3, 4 എന്നിവ ആയാൽ മറ്റ് സംഖ്യകൾ കണക്കാക്കാമോ?

## ചോക്ക് നിർമ്മാണം

പ്രവൃത്തിപരിചയക്ലബ്ബ് ഉണ്ടാക്കിയ ചോക്ക് ഓരോ പെട്ടിയിലും 10 എണ്ണം വീതമാണ് നിറച്ചത്. ഉണ്ടാക്കിയ 9 പെട്ടി ചോക്കും 6 എണ്ണവും സ്കൂളിലെ എട്ട് ക്ലാസിലേക്ക് തുല്യമായി വീതിച്ചു കൊടുത്തു.

ഓരോ ക്ലാസിലും എത്ര ചോക്ക് വീതമാണ് കിട്ടിയത്?

ജാൻവി കണക്കാക്കിയത് നോക്കൂ.



10 ചോക്ക് വീതമുള്ള 9 പെട്ടിയിൽ ആകെ എത്ര ചോക്ക് ഉണ്ട്?

6 ചോക്കുകൂടി ചേർത്താലോ? ആകെ എത്ര ചോക്ക് ഉണ്ട്?

ഓരോ ക്ലാസിലും എത്ര ചോക്കു കിട്ടിയെന്ന് എങ്ങനെ കണക്കാക്കും? അതിന് പല വഴികളുണ്ടോ?

**ഞാൻ കണ്ടുപിടിച്ച വഴി**




ഓരോ ക്ലാസിലേക്കും ഒരു പെട്ടി ചോക്ക് വീതം കൊടുത്താൽ ആകെ എത്ര ചോക്ക് കൊടുക്കണം?

............ × ............ = ............

ബാക്കി എത്ര ചോക്കുണ്ട്?

ഇവ 8 ക്ലാസിലേക്കും തുല്യമായി കൊടുത്താൽ ഒരു ക്ലാസിന് എത്ര ചോക്ക് കിട്ടും?

ഇങ്ങനെ ആലോചിക്കാം

10 ചോക്ക് വീതം 8 ക്ലാസിലേക്ക് കൊടുത്താൽ 80 ചോക്ക് കൊടുക്കാം.

$8 \times 10 = 80$

ബാക്കി 16 എണ്ണമുണ്ട്. ഇവ 2 എണ്ണം വീതം 8 ക്ലാസിലേക്ക് കൊടുത്താൽ 16 എണ്ണം കൊടുക്കാം

$8 \times 2 = 16$

$96 \div 8 = (80 \div 8) + (16 \div 8) = 10 + 2 = 12$

ഇത് ഇങ്ങനെ എഴുതാം

| | 8 | |
|---|---|---|
| 10 | 96 − | |
| | 80 | $8 \times 10 = 80$ |
| | 16 | $96 - 80 = 16$ |
| 2 | 16 | $8 \times 2 = 16$ |
| $96 \div 8 = 12$ | 0 | $8 \times 12 = 96$ |

**$10 \times 8 = 80$**

**$2 \times 8 = 16$**

**$12 \times 8 = 96$**

**$80 \div 8 = 10$**

**$16 \div 8 = 2$**

**$96 \div 8 = 12$**

## പസിൽ കോർണർ

എന്റെ സഞ്ചിയിൽ കുറേ മാമ്പഴമുണ്ട്. പകുതി എണ്ണം മാമന് കൊടുത്തു. ബാക്കിയുള്ളതിന്റെ പകുതി കൂട്ടുകാരന് കൊടുത്തു. മിച്ചമുണ്ടായിരുന്ന 5 എണ്ണം അയൽക്കാരനും കൊടുത്തു. സഞ്ചിയിൽ ആദ്യം എത്ര മാമ്പഴം ഉണ്ടായിരുന്നു?

## കളർപെൻസിൽ

മേന്മസ്റ്റോറിൽ നിന്നും ഇഷാൻ 20 കളർപെൻസിൽ വാങ്ങി. ഒരു പെൻസിലിന് 4 രൂപയാണ് വില. ആകെ എത്ര രൂപ ചെലവായി?

76 രൂപയ്ക്കാണ് ശ്രദ്ധ കളർപെൻസിൽ വാങ്ങിയത്. ആകെ എത്ര പെൻസിൽ വാങ്ങി? എങ്ങനെ കണക്കാക്കാം?

**ഞാൻ കണക്കാക്കിയത്**

## മനക്കണക്കായി ചെയ്യാമോ?

| | |
|---|---|
| $80 \div 4 = 20$<br>$80 - 4 = 76$<br>$76 \div 4 =$ ......... | $60 \div 3 = 20$<br>$60 - 3 = 57$<br>$57 \div 3 =$ ......... |
| $60 \div 6 = 10$<br>$60 - 6 = 54$<br>$54 \div 6 =$ ......... | $80 \div 4 =$ .........<br>$80 + 4 =$ .........<br>$84 \div 4 =$ ......... |
| $60 \div 3 =$ .........<br>$60 + 3 =$ .........<br>$63 \div 3 =$ ......... | $60 \div 3 =$ .........<br>$60 + 9 =$ .........<br>$69 \div 6 =$ ......... |
| $60 \div 6 =$ .........<br>$60 + 12 =$ .........<br>$72 \div 6 =$ ......... | ..............................<br>..............................<br>.............................. |

## ബില്ല് പൂരിപ്പിക്കൂ

സിയൂതും ആദിയും സ്കൂൾ സ്റ്റോറിൽ നിന്നും ഒരേ വിലയുള്ള സാധനങ്ങളാണ് വാങ്ങിയത്. രണ്ടുപേരും വാങ്ങിയ സാധനത്തിന്റെ ബില്ല് ചുവടെ കൊടുക്കുന്നു. ആദിയുടെ ബില്ലിലെ വിലകൾ മാഞ്ഞുപോയിരിക്കുന്നു. അവ കണ്ടുപിടിച്ച് എഴുതാമോ?



**ബില്ല് - 1**

| പേര് : സിയൂത് | | നം: 5732 |
|---|---|---|
| സാധനം | എണ്ണം | വില |
| നോട്ടുബുക്ക് | 4 | 72 രൂപ |
| ചാർട്ട് | 6 | 30 രൂപ |
| പേന | 8 | 72 രൂപ |
| സ്ലെയിൽ | 10 | 60 രൂപ |
| ആകെ | | |

**ബില്ല് - 2**

| പേര് : ആദി | | നം: 5733 |
|---|---|---|
| സാധനം | എണ്ണം | വില |
| പേന | 6 | |
| സ്ലെയിൽ | 3 | |
| നോട്ടുബുക്ക് | 5 | |
| ചാർട്ട് | 8 | |
| ആകെ | | |

| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

## പരമുച്ചേട്ടന്റെ പഴക്കട

പരമുച്ചേട്ടന്റെ പഴക്കടയിൽ എന്തെല്ലാം പഴങ്ങളാണ് ഉള്ളത് എന്നറിയാമോ?




| പഴം | എണ്ണം |
|---|---|
| ആപ്പിൾ | 35 |
| ഓറഞ്ച് | 36 |
| മാമ്പഴം | 50 |
| പൈനാപ്പിൾ | 32 |

പട്ടികയിലെ എണ്ണമനുസരിച്ച് പഴങ്ങൾ അടുക്കി വയ്ക്കുകയാണ് പരമുച്ചേട്ടൻ. ആപ്പിൾ 7 ട്രേയിൽ തുല്യമായി വച്ചു.

ഒരു ട്രേയിൽ എത്ര ആപ്പിൾ ഉണ്ട്?

ഓറഞ്ച് 6 എണ്ണം വീതം തുല്യമായി ട്രേയിൽ വച്ചു. ഒരു ട്രേയിൽ എത്ര ഓറഞ്ച് ഉണ്ട്?

മാമ്പഴം 5 കൂട്ടമാക്കി വച്ചു. ഓരോ കൂട്ടത്തിലും എത്ര മാമ്പഴം ഉണ്ട്?

പൈനാപ്പിൾ 4 എണ്ണം വീതം ഒരുമിച്ച് തൂക്കിയിട്ടാൽ എത്ര കൂട്ടം?

## അരി വിതരണം



പട്ടുമല സ്കൂളിലെ കുട്ടികൾക്ക് ഓണം പ്രമാണിച്ച് 5 കിലോ വീതം അരി കൊടുക്കുന്നു. 37 ചാക്ക് അരി എത്തി. ഓരോ ചാക്കിലും അമ്പത് കിലോ വീതം അരിയുണ്ട്.

ഇത് എത്ര കുട്ടികൾക്ക് കൊടുക്കാൻ കഴിയും?

എങ്ങനെ കണക്കാക്കാം?

ഒരു കുട്ടിക്ക് എത്ര കിലോ അരിയാണ് കൊടുക്കുന്നത്?

ഒരു ചാക്കിൽ എത്ര കിലോ അരി ഉണ്ട്?

ഇത് എത്ര കുട്ടികൾക്ക് കൊടുക്കാൻ കഴിയും?

ആകെ എത്ര ചാക്ക് അരി ഉണ്ട്?

ആകെ എത്ര കുട്ടികൾക്ക് അരി കൊടുക്കാൻ കഴിയും?

**ഞാൻ കണക്കാക്കിയത്**

## നെല്ലിക്കാക്കണക്ക്

മിലാദും വാസുവും കൂട്ടുകാരാണ്. മിലാദ് കടയിൽ നിന്നും നെല്ലിക്ക വാങ്ങി. നെല്ലിക്കയുടെ എണ്ണം 10 ൽ കൂടുതലും 16 ൽ കുറവുമാണ്. ഇതിൽ പകുതി എണ്ണം നെല്ലിക്ക വാസുവിന് കൊടുത്തു. വാസു തന്റെ 2 മക്കൾക്കും മിലാദ് തന്റെ 3 മക്കൾക്കും തുല്യമായി നെല്ലിക്ക വീതിച്ചു. വാസുവിന്റെ മക്കൾക്കാണോ മിലാദിന്റെ മക്കൾക്കാണോ കൂടുതൽ നെല്ലിക്ക കിട്ടിയത്?

എങ്ങനെ കണക്കാക്കി എന്ന് വിശദീകരിക്കാമോ?
മിലാദ് വാങ്ങിയ നെല്ലിക്കയുടെ എണ്ണം ഏതെല്ലാം സംഖ്യകൾ ആകാം?

| | | | | |
|---|---|---|---|---|
| | | | | |

15 നെല്ലിക്ക 2 പേർക്ക് തുല്യ എണ്ണമായി വീതിക്കാൻ കഴിയുമോ?







മിലാദ് വാങ്ങിയ നെല്ലിക്കയുടെ എണ്ണം എത്ര?

വാസുവിന് കൊടുത്ത നെല്ലിക്ക എത്രയാണ്?

വാസുവിന്റെ ഓരോ മക്കൾക്കും കിട്ടിയ നെല്ലിക്കയുടെ എണ്ണം എത്ര?

മിലാദിന്റെ ഓരോ മക്കൾക്കും കിട്ടിയ നെല്ലിക്കയുടെ എണ്ണം എത്ര?

ആർക്കാണ് കൂടുതൽ എണ്ണം നെല്ലിക്ക കിട്ടിയത്?

രണ്ടാം ദിവസം വാസുവാണ് നെല്ലിക്ക വാങ്ങിയത്. നെല്ലിക്കയുടെ എണ്ണം 20 നും 30 നും ഇടയിലാണ്. പകുതിയെണ്ണം നെല്ലിക്ക മിലാദിന് കൊടുത്തു. മിലാദ് തന്റെ 4 ചങ്ങാതിമാർക്കും വാസു തന്റെ 3 ചങ്ങാതിമാർക്കും തുല്യമായി കൊടുത്തു.

ആരുടെ ചങ്ങാതിക്കാണ് കൂടുതൽ എണ്ണം കിട്ടിയത്?

വാസു എത്ര നെല്ലിക്കയാണ് വാങ്ങിയത്?

## പിറന്നാൾ മധുരം



സ്കൂളിൽ നാലാം ക്ലാസിൽ രണ്ട് ഡിവിഷനുകളിലായി ആകെ 40 കുട്ടികളുണ്ട്. ശ്രദ്ധ തന്റെ പിറന്നാളിന് ഓരോ കുട്ടിക്കും 4 മിഠായി വീതം കൊടുത്തു തുടങ്ങി. മിഠായി തീർന്നു; പക്ഷേ 10 കുട്ടികൾക്ക് കിട്ടിയില്ല. കൂടുതൽ മിഠായി വാങ്ങാതെ കുട്ടികൾ തന്നെ ഒരു വഴി കണ്ടുപിടിച്ചു. എല്ലാവർക്കും ഒരേ എണ്ണം തന്നെ കിട്ടി.

ഓരോരുത്തർക്കും എത്ര മിഠായി വീതം കിട്ടി?

എങ്ങനെ കണക്കാക്കി?

**ഞാൻ കണക്കാക്കിയത്**

### പസിൽ കോർണർ

ഹരിതം ക്ലബ്ബ് ഉണ്ടാക്കിയ സോപ്പ് ഒരു പെട്ടിയിൽ 2 വീതവും 3 വീതവും 4 വീതവും 6 വീതവും നിറയ്ക്കാൻ കഴിയും. കുറഞ്ഞത് എത്ര സോപ്പ് ഉണ്ടാകും?

## കളിച്ചുരസിക്കാം

ഡൈസ് എറിയുക ഓരോ കളത്തിലെയും ക്രിയകൾക്കനുസരിച്ച് കരു നീക്കുക.



## സ്വാഗതസംഘം



പ്രവൃത്തിപരിചയക്യാമ്പിന്റെ സ്വാഗതസംഘം യോഗത്തിലേക്ക് 84 രക്ഷിതാക്കൾ വന്നു. ഓരോ വരിയിലും ആറ് കസേരയിലാണ് രക്ഷിതാക്കൾ ഇരുന്നത്. എത്ര വരിയുണ്ട്?

യോഗം തുടങ്ങിയപ്പോൾ കുറെ രക്ഷിതാക്കൾ കൂടി വന്നു. വരികളുടെ എണ്ണം മാറ്റിയില്ല. ഓരോ വരിയിലും 8 പേർ വീതമായി. യോഗത്തിൽ ആകെ എത്ര പേർ പങ്കെടുത്തു?

| ഞാൻ കണക്കാക്കിയ രീതി | ചങ്ങാതി കണക്കാക്കിയ രീതി |
|---|---|
| | |

യോഗം തുടങ്ങിയപ്പോൾ വന്നത് എത്ര പേരാണ്?

## ഹരണം എന്തെളുപ്പം

| | | |
|---|---|---|
| $8 \div 4 = 2$ | $6 \div 3 = 2$ | ...................... |
| $80 \div 4 = 20$ | $60 \div 3 = 20$ | ...................... |
| $800 \div 4 = 200$ | $600 \div 3 = 200$ | ...................... |

## പട്ടിക പരിശോധിക്കൂ... ബന്ധം കണ്ടുപിടിക്കൂ.

| | | | |
|---|---|---|---|
| $8 \times 1 = 8$ | $5 \times 1 = 5$ | $6 \times 1 = 6$ | ...................... |
| $8 \div 1 = 8$ | $5 \div 1 = 5$ | $6 \div 1 = 6$ | ...................... |
| $8 \div 8 = 1$ | $5 \div 5 = 1$ | $6 \div 6 = 1$ | ...................... |

### ഞാൻ കണ്ടുപിടിച്ചത്

## പസിൽ കോർണർ

- ഒരു സംഖ്യയെ 2 കൊണ്ട് ഹരിക്കുന്നതിന് പകരം 2 കൊണ്ട് ഗുണിച്ചു. ഉത്തരം 240 കിട്ടി. സംഖ്യയെ 2 കൊണ്ട് ഹരിച്ചിരുന്നെങ്കിൽ കിട്ടുന്ന ഉത്തരം എന്താകുമായിരുന്നു?
- ഒരു സംഖ്യയെ 2 കൊണ്ട് ഗുണിക്കുന്നതിന് പകരം 2 കൊണ്ട് ഹരിച്ചു. ഉത്തരം 60 കിട്ടി. സംഖ്യയെ 2 കൊണ്ട് ഗുണിച്ചിരുന്നെങ്കിൽ കിട്ടുന്ന ഉത്തരം എന്താകുമായിരുന്നു?
- ഒരു സംഖ്യയുടെ പകുതി കാണുന്നതിന് പകരം ഇരട്ടിയാണ് കണ്ടത്. ഉത്തരം 100 കിട്ടി. പകുതിയാണ് കണ്ടതെങ്കിൽ ഉത്തരം എന്തായിരിക്കും?

1. ഒരു ചുരിദാർ തയ്ക്കാൻ സുഹറ 250 രൂപയാണ് കൂലി വാങ്ങുന്നത്. ചുരിദാർ തയ്ച്ച വകയിൽ 1000 രൂപ കൂലിയായി കിട്ടി. എത്ര ചുരിദാറാണ് സുഹറ തയ്ച്ചത്? 10000 രൂപ കിട്ടാൻ എത്ര ചുരിദാർ തയ്ക്കണം?

2. മാർക്കറ്റിൽ നിന്നും സിയൂസ് അര ഡസൻ വീതമുള്ള 12 പായ്ക്കറ്റ് പേന വാങ്ങി. ഇവ 4 എണ്ണം വീതമുള്ള എത്ര പായ്ക്കറ്റിലാക്കാം?

3. 48 നോട്ടുബുക്ക് 5 പേർക്ക് വീതിക്കുന്നു. ആദ്യത്തെ കുട്ടിക്ക് 3 നോട്ടുബുക്ക് കൂടുതൽ കിട്ടി. മറ്റുള്ളവർക്കെല്ലാം ഒരേ എണ്ണമാണ് കിട്ടിയത്. ആദ്യത്തെ കുട്ടിക്ക് എത്ര നോട്ടുബുക്കാണ് കിട്ടിയത്?

4. പെൻസിൽ വിറ്റ വകയിൽ മിൻഹയ്ക്ക് 3500 രൂപ കിട്ടി. എല്ലാം 100 ന്റെ നോട്ട് ആണ്. എത്ര നോട്ടുകൾ? 500 ന്റെ നോട്ട് ആയിരുന്നുവെങ്കിൽ എത്ര നോട്ട് കിട്ടുമായിരുന്നു?

5. ഒരു പെൻസിലിന്റെ ഇരട്ടി വിലയാണ് പേനയ്ക്ക്. പേനയുടെ ഇരട്ടി വിലയാണ് നോട്ടുബുക്കിന്. 6 നോട്ടുബുക്കിന് 72 രൂപ. ഒരു പെൻസിലിന്റെ വില എത്രയാണ്?

6. മേധയും മിത്രയും ഒരേ എണ്ണം പാവയാണ് ഉണ്ടാക്കിയത്. മേധ ഉണ്ടാക്കിയ പാവയുടെ എണ്ണത്തിന്റെ പകുതിയോട് 50 കൂട്ടിയാൽ മിത്ര ഉണ്ടാക്കിയ പാവയുടെ എണ്ണം കിട്ടും. മിത്ര എത്ര പാവയാണ് ഉണ്ടാക്കിയത്?

### അന്വേഷണം

ഒരു കലണ്ടറിലെ അടുത്തടുത്ത 4 കളങ്ങൾ ചേർന്ന സമചതുരത്തിലെ സംഖ്യകളുടെ തുകയെ 4 കൊണ്ട് ഹരിക്കുക. കിട്ടുന്ന ഉത്തരത്തിന് ആദ്യത്തെ സംഖ്യയുമായുള്ള ബന്ധം കണ്ടുപിടിക്കൂ.

# 10

# അളന്നും തൂക്കിയും



മിലന്റെ ചേച്ചിയുടെ കല്ല്യാണമാണ്. ഒരുക്കങ്ങൾ തുടങ്ങി.
ചിത്രം നോക്കൂ...

## എന്തൊക്കെ സാധനങ്ങൾ?

വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റുമായി മിലനും അച്ഛനും കടയിലെത്തി.



| | | |
|---|---|---|
| ഉപ്പ് | 5 | കിലോഗ്രാം |
| അരി | 150 | കിലോഗ്രാം |
| എണ്ണ | 50 | ലിറ്റർ |
| പഞ്ചസാര | 150 | കിലോഗ്രാം |
| പായസപ്പരിപ്പ് | 75 | കിലോഗ്രാം |
| പാൽ | 125 | ലിറ്റർ |
| തൈര് | 50 | ലിറ്റർ |
| ശർക്കര | 60 | കിലോഗ്രാം |
| മുളക് | 10 | കിലോഗ്രാം |
| മല്ലി | 10 | കിലോഗ്രാം |
| ഉള്ളി | 30 | കിലോഗ്രാം |
| വിനാഗിരി | 3 | ലിറ്റർ |

ലിസ്റ്റ് കണ്ടല്ലോ. ഇവയിൽ ഏതെല്ലാമാണ് തൂക്കി വാങ്ങുന്നവ?

| തൂക്കി വാങ്ങുന്നവ | അല്ലാത്തവ |
|---|---|
| | |

## കടയിലേക്ക്

കടയിലെ സ്റ്റോക്ക് വിവരം നോക്കൂ.




| | |
|---|---|
| 1000 ഗ്രാം | → 1 കിലോഗ്രാം |
| 100 കിലോഗ്രാം | → 1 ക്വിന്റൽ |
| 1000 കിലോഗ്രാം | → 1 ടൺ |
| 10 ക്വിന്റൽ | → 1 ടൺ |

കടയിൽ എത്ര കിലോഗ്രാം അരി സ്റ്റോക്കുണ്ട്?

ഉഴുന്നോ?

അര ക്വിന്റൽ കശുവണ്ടിപ്പരിപ്പ് എത്ര കിലോഗ്രാമാണ്?

**ഞാൻ കണക്കാക്കിയത്**

## സ്റ്റോക്ക് നോക്കി പട്ടിക പൂരിപ്പിക്കൂ

| സാധനം | സ്റ്റോക്ക് | കിലോഗ്രാമിൽ |
|---|---|---|
| പഞ്ചസാര | 4 ടൺ | .............................. |
| പരിപ്പ് | .............................. | .............................. |
| മുളക് | .............................. | .............................. |
| പയർ | .............................. | .............................. |
| ശർക്കര | .............................. | .............................. |
| ഉണക്കമുന്തിരി | കാൽ ക്വിന്റൽ | .............................. |

## ഒരു ടൺ

കടയിലേക്ക് സാധനങ്ങളുമായി ലോറി വന്നു.



50 കിലോയുടെ 2 ചാക്കുകൾ ചേർന്നാലോ?

ഒരു ചാക്കിൽ 50 കിലോഗ്രാം അരിയാണ് ഉള്ളത്.

ഒരു ടൺ ഭാരമാകാൻ 50 കിലോഭാരമുള്ള എത്ര ചാക്കുകൾ വേണം?

**ഞാൻ കണക്കാക്കിയത്**

25 കിലോയുടെ എത്ര ചാക്കുകൾ ചേർന്നാൽ ഒരു ടൺ ആകും?

## ടണ്ണും ക്വിന്റലും

കടയിലിറക്കിയ സാധനങ്ങൾ നോക്കൂ. തൂക്കം കണക്കാക്കി പട്ടിക പൂരിപ്പിക്കൂ.

| സാധനം | ചാക്കിന്റെ എണ്ണം | ഒരു ചാക്കിലെ തൂക്കം (കിലോഗ്രാം) | ആകെ തൂക്കം | | |
|---|---|---|---|---|---|
| | | | കിലോഗ്രാം | ക്വിന്റൽ | ടൺ |
| അരി | 40 | 50 | | | |
| പഞ്ചസാര | 20 | 50 | | | |
| പരിപ്പ് | 25 | 20 | | | |
| ഉഴുന്ന് | 5 | 10 | | | |
| പയർ | 5 | 50 | | | |
| മുളക് | 4 | 50 | | | |

## ബാക്കി കണക്കാക്കാം

സദ്യയ്ക്കാവശ്യമായ ചില സാധനങ്ങൾ തൂക്കിത്തന്നത് മറ്റൊരാളാണ്. ഒരു കിലോ പായ്ക്കറ്റിൽ നിന്നാണ് സാധനങ്ങൾ എടുത്തത്. ഓരോ പായ്ക്കറ്റിലും എത്ര ബാക്കിയുണ്ട്?

| സാധനം | വാങ്ങിയ തൂക്കം | ബാക്കി |
|---|---|---|
| ഏലക്കായ | 250 ഗ്രാം | |
| കശുവണ്ടി പരിപ്പ് | 900 ഗ്രാം | |
| ഉണക്കമുന്തിരി | 1000 ഗ്രാം | |
| മഞ്ഞൾ | 750 ഗ്രാം | |
| ജീരകം | 500 ഗ്രാം | |

വാങ്ങിയ സാധനങ്ങളുടെ ആകെ തൂക്കം എത്രയാണ്?

. . . . . . കിലോഗ്രാം . . . . . . ഗ്രാം

## ഭാരമെത്ര?




താഴെ കൊടുത്തിരിക്കുന്ന അളവുകളുടെ ഭാരം എഴുതി പട്ടിക പൂർത്തിയാക്കൂ.

| ത്രാസിൽ കാണുന്നത് | ഭാരം |
|---|---|
| 10.000 | ............................... |
| 13.070 | 13 കിലോ 70 ഗ്രാം |
| 7.250 | ............................... |
| 0.500 | ............................... |
| 1.005 | ............................... |
| 9.900 | ............................... |

## ഒരു ക്വിന്റലുണ്ടോ?




മിലനും അച്ഛനും വാങ്ങിയ പച്ചക്കറികൾ ഓട്ടോയിൽ കയറ്റി.

| | |
|---|---|
| വെണ്ട | 10 കിലോഗ്രാം |
| മത്തൻ | 25 കിലോഗ്രാം |
| ഉരുളക്കിഴങ്ങ് | 50 കിലോഗ്രാം |
| തക്കാളി | 15 കിലോഗ്രാം |
| പച്ചമുളക് | 2500ഗ്രാം |
| മാങ്ങ | 5 കിലോഗ്രാം |
| കാരറ്റ് | 10 കിലോഗ്രാം |
| ഉള്ളി | 30 കിലോഗ്രാം |
| ഇഞ്ചി | 3500 ഗ്രാം |

സാധനങ്ങളുടെ ആകെ തൂക്കം ഒരു ക്വിന്റലിൽ കൂടുതലോ? കുറവോ?

| | |
|---|---|
| ആകെ തൂക്കം | .................... കിലോഗ്രാം |
| ഒരു ക്വിന്റൽ | 100 കിലോഗ്രാം |
| ഒരു ക്വിന്റലിൽ കൂടുതലോ? കുറവോ? | ............................ |
| എത്ര കൂടുതൽ / കുറവ്? | ............................ |

## എത്ര പായ്ക്കറ്റുകൾ?

ഒരു കിലോ പായ്ക്കറ്റ് കുറവായതിനാൽ കാൽകിലോയുടെ 2 പായ്ക്കറ്റും, അരക്കിലോയുടെ 3 പായ്ക്കറ്റും കൂടി എടുത്താണ് കച്ചവടക്കാരൻ മല്ലി കൊടുത്തത്. ഇങ്ങനെ 10 കിലോഗ്രാം കൊടുത്തപ്പോൾ ആകെ എത്ര പായ്ക്കറ്റായി? എങ്ങനെയാണ് കണക്കാക്കുക?

കാൽകിലോയുടെ 2 പായ്ക്കറ്റ് ചേർന്നാൽ എത്ര ഗ്രാമാകും?

അരക്കിലോയുടെ 3 പായ്ക്കറ്റ് ചേർന്നാലോ?

ആകെ ഭാരം എത്രയായി?

10 കിലോഗ്രാമാകാൻ ഒരു കിലോഗ്രാമിന്റെ എത്ര പായ്ക്കറ്റ് കൂടി വേണം?

എല്ലാം അരക്കിലോ പായ്ക്കറ്റായിരുന്നെങ്കിൽ എത്ര പായ്ക്കറ്റുകൾ ഉണ്ടാകും?

എല്ലാം കാൽകിലോ പായ്ക്കറ്റായിരുന്നെങ്കിലോ?

## നെയ്യെത്ര?

നെയ്യ് വാങ്ങിയപ്പോൾ കച്ചവടക്കാരൻ കൊടുത്തത് 250 മില്ലിലിറ്ററിന്റെ 2 കുപ്പിയും 500 മില്ലിലിറ്ററിന്റെ 1 കുപ്പിയുമാണ്.

എത്ര നെയ്യ് വാങ്ങി?

എല്ലാം 100 മില്ലിയുടെ കുപ്പിയായിരുന്നെങ്കിൽ എത്ര കുപ്പി നെയ്യുണ്ടാകും?

എല്ലാം 250 മില്ലിയുടെ കുപ്പിയായിരുന്നെങ്കിലോ?

## വീട്ടിലേക്ക്

ടിപ്പർ ഓട്ടോയിൽ 635 കിലോ പലചരക്ക് സാധനങ്ങളും 375 കിലോ പച്ചക്കറികളും കയറ്റി. കയറ്റിയ സാധനങ്ങളുടെ ആകെ ഭാരം എത്രയാണ്?



## വാട്ടർ ടാങ്ക്

1000 ലിറ്ററിന്റെയും 500 ലിറ്ററിന്റെയും ഓരോ ടാങ്കും 200 ലിറ്ററിന്റെ 2 ടാങ്കും ഉണ്ട്. എല്ലാ ടാങ്കിലും വെള്ളം നിറയ്ക്കണം. ആകെ എത്ര ലിറ്റർ വെള്ളം നിറയ്ക്കാം?

ടാങ്ക് 1 = .......... ലിറ്റർ

ടാങ്ക് 2 = .......... ലിറ്റർ

ടാങ്ക് 3 = .......... ലിറ്റർ

ടാങ്ക് 4 = .......... ലിറ്റർ

ആകെ വെള്ളം = .......... ലിറ്റർ



1. ജോണി മരച്ചീനി കർഷകനാണ്. വിളവെടുത്തപ്പോൾ 2 ക്വിന്റൽ 65 കിലോഗ്രാം മരച്ചീനി കിട്ടി. ഒരു കിലോയ്ക്ക് 20 രൂപ വച്ച് വിറ്റു. ആകെ എത്ര രൂപയാണ് ജോണിക്ക് കിട്ടിയത്?
2. ഒരു ചാക്കിൽ 50 കിലോഗ്രാം അരിയുണ്ട്. മില്ലിൽ നിന്നും 60 ചാക്ക് അരി ലോറിയിൽ കയറ്റി. ലോറിയിൽ കയറ്റിയത് എത്ര ടൺ അരിയാണ്?
3. 2000 ലിറ്റർ വെള്ളം കൊള്ളുന്ന ടാങ്ക് നിറയാൻ 765 ലിറ്റർ വെള്ളം കൂടി വേണം. ടാങ്കിൽ ഇപ്പോഴുള്ള വെള്ളത്തിന്റെ അളവെത്ര?

4. മാവേലി സ്റ്റോറിൽ നിന്നും ബിനു വാങ്ങിയ സാധനങ്ങളാണ് പട്ടികയിൽ. അവ ഒരു തുണിസഞ്ചിയിലാക്കി. സഞ്ചിയിലെ സാധനങ്ങളുടെ ആകെ ഭാരം എത്ര കിലോഗ്രാം ആണ്?

| | | | |
|---|---|---|---|
| മട്ടയരി | - 2 കിലോഗ്രാം | ചെറുപയർ | - 500 ഗ്രാം |
| പഞ്ചസാര | - 1500 ഗ്രാം | വൻപയർ | - 500 ഗ്രാം |
| മുളക് പൊടി | - 250 ഗ്രാം | കടല | - 500 ഗ്രാം |
| മല്ലിപ്പൊടി | - 250 ഗ്രാം | ആട്ട | - 2 കിലോഗ്രാം |
| പരിപ്പ് | - 500 ഗ്രാം | | |

5. എണ്ണക്കച്ചവടക്കാരൻ 500 മില്ലിലിറ്ററിന്റെ 5 കുപ്പിയിലും 200 മില്ലിലിറ്ററിന്റെ 6 കുപ്പിയിലും എണ്ണ നിറച്ചപ്പോൾ പാത്രത്തിൽ ഒരു ലിറ്റർ 300 മില്ലിലിറ്റർ എണ്ണ ബാക്കി വന്നു. ആദ്യം എത്ര എണ്ണ ഉണ്ടായിരുന്നു?

6. പട്ടിക പൂരിപ്പിക്കുക.

| ഗ്രാം | കിലോഗ്രാം | കിലോഗ്രാമിലും ഗ്രാമിലും |
|---|---|---|
| 2500 | .................... | 2 കി ഗ്രാം 500 ഗ്രാം |
| 3250 | മൂന്നേകാൽ | .................... |
| .................... | ഒന്നേമുക്കാൽ | .................... |
| .................... | .................... | 4 കി ഗ്രാം 250 ഗ്രാം |

7. പാൽ സൊസൈറ്റിയിൽ തിങ്കളാഴ്ച കിട്ടിയ പാൽ 550 ലിറ്റർ 750 മില്ലി ലിറ്റർ ആണ്. 85 ലിറ്റർ 250 മില്ലിലിറ്റർ പാൽ സൊസൈറ്റിയിൽ തന്നെ വിറ്റു പോയി. ബാക്കിയുള്ള പാൽ മിൽമയ്ക്ക് കൊടുത്തു. എത്ര പാലാണ് മിൽമയ്ക്ക് കൊടുത്തത്?

8. സ്കൂളിൽ ഓണസദ്യയുടെ ഒരുക്കങ്ങൾ നടക്കുകയാണ്.

- 100 മില്ലിലിറ്റർ കൊള്ളുന്ന ഗ്ലാസിലാണ് പായസം നൽകുന്നത്. 1000 ആളുകൾക്ക് കൊടുക്കാൻ എത്ര ലിറ്റർ പായസം വേണം?
- 1 കിലോഗ്രാം അരി കൊണ്ട് ചോറുവച്ചാൽ 8 പേർക്ക് കഴിക്കാം എന്നാണ് കണക്കാക്കുന്നത്. 100 കിലോ അരി കൊണ്ട് ചോറുവച്ചാൽ എത്ര പേർക്ക് കഴിക്കാം?

# 11

# ചിത്രങ്ങൾ കഥ പറയുന്നു

ചിത്രം നോക്കാം... കണ്ടെത്താം...







ചെല്ലക്കാട് ഗവൺമെന്റ് എൽ പി സ്കൂളിലെ കുട്ടികൾ അഗ്രിഫാം സന്ദർശിക്കുകയാണ്.

## ചിത്രം നോക്കൂ... കണ്ടുപിടിക്കൂ...

ചിത്രം നോക്കി അഗ്രിഫാമിൽ നിങ്ങൾ കണ്ട കാര്യങ്ങൾ എഴുതൂ... കൂട്ടുകാരോടും ചോദിക്കണേ...




**ഞാൻ കണ്ടുപിടിച്ചത്**

പട്ടിക പൂരിപ്പിക്കൂ.

| ജീവി |  |  |  |  |  |  |
|---|---|---|---|---|---|---|
| എണ്ണം | | | | | | |

പട്ടിക നോക്കി ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ.

- അഗ്രിഫാമിൽ ഏറ്റവും കൂടുതലുള്ള ജീവി ഏതാണ്?
- പശുവിനേക്കാൾ കൂടുതൽ എണ്ണമുള്ള ജീവികൾ ഏതെല്ലാം?
- ഏറ്റവും കുറവുള്ള ജീവി ഏതാണ്?
- ആകെ ജീവികളുടെ എണ്ണം എത്ര?

## ചെല്ലക്കാട് ഗവൺമെന്റ് എൽ പി സ്കൂൾ

ചെല്ലക്കാട് സ്കൂളിലെ കാഴ്ചകൾ നോക്കൂ.




കുട്ടികൾ സ്കൂളിൽ വരുന്ന രീതി താഴെ പട്ടികയിൽ ഉണ്ട്. (ഒരു തലയുടെ ചിത്രം 5 എണ്ണത്തെ സൂചിപ്പിക്കുന്നു.)

| കുട്ടികൾ വരുന്ന രീതി | പെൺകുട്ടികൾ | ആൺകുട്ടികൾ |
|---|---|---|
|  |  |  |
|  |  |  |
|  |  |  |
|  |  |  |
|  |  |  |
|  |  |  |

പട്ടികയിൽ നിന്നും എന്തെല്ലാം മനസ്സിലാക്കാം?

കൂട്ടുകാരുമായി ചർച്ച ചെയ്യൂ... കണ്ടുപിടിച്ചത് എല്ലാം എഴുതൂ...

**ഞാൻ കണ്ടുപിടിച്ചത്**

**ഉത്തരം എഴുതൂ...**

- ഓട്ടോറിക്ഷയിൽ സ്കൂളിൽ വരുന്നത് എത്ര പെൺകുട്ടികളാണ്?
- സൈക്കിളിൽ വരുന്നത് എത്ര ആൺകുട്ടികളാണ്?
- ഏറ്റവും കൂടുതൽ കുട്ടികൾ സ്കൂളിൽ വരുന്നത് എങ്ങനെയാണ്?

കൂടുതൽ ചോദ്യങ്ങൾ എഴുതൂ. ഉത്തരം കണ്ടുപിടിക്കൂ.

പട്ടിക പൂരിപ്പിക്കൂ.

| വാഹനം |  |  |  |  |  |  |
|---|---|---|---|---|---|---|
| പെൺ കുട്ടികൾ | 25 | | | | | |
| ആൺ കുട്ടികൾ | | 60 | | | | |
| **ആകെ** | | | | | | |

**പട്ടിക നോക്കി ഉത്തരം എഴുതൂ...**

- സ്കൂളിൽ ആകെ എത്ര പെൺകുട്ടികൾ പഠിക്കുന്നുണ്ട്?
- എത്ര ആൺകുട്ടികൾ?
- എത്ര കുട്ടികളാണ് നടന്നുവരുന്നത്?

കൂടുതൽ ചോദ്യങ്ങൾ എഴുതൂ. ഉത്തരം കണ്ടുപിടിക്കൂ.

- 
- 
- 
- 
- 

**പട്ടിക തയ്യാറാക്കൂ**

നിങ്ങളുടെ ക്ലാസിലെ കൂട്ടുകാർ സ്കൂളിലേക്ക് വരുന്ന രീതിയെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കൂ. ഈ വിവരങ്ങൾ ഒരു പട്ടികയാക്കി നോട്ടു ബുക്കിൽ എഴുതൂ.

## മരം ഒരു വരം




ചിത്രം നോക്കൂ.
ചിത്രത്തിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ എഴുതൂ.

**ഞാൻ കണ്ടുപിടിച്ചത്**

- നിങ്ങൾക്ക് എവിടെ നിന്നെല്ലാം വൃക്ഷത്തൈകൾ കിട്ടാറുണ്ട്?

- നിങ്ങൾ ഇതുവരെ നട്ടുവളർത്തിയ വൃക്ഷത്തൈകളുടെ പേരെഴുതുക

ചെല്ലക്കാട് ഗ്രാമപഞ്ചായത്ത് ആദ്യഘട്ടത്തിൽ വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ വിവരണമാണ് പട്ടികയിൽ. ഒരു ചെടിയുടെ ചിത്രം 10 എണ്ണത്തെ സൂചിപ്പിക്കുന്ന വിധം വരയ്ക്കുക. ഒഴിഞ്ഞ കളത്തിലെ എണ്ണവും എഴുതുക.

| വൃക്ഷത്തൈ | എണ്ണം | എണ്ണം (ചിത്രരൂപത്തിൽ) |
|---|---|---|
| മാവ് | |  |
| പ്ലാവ് | 80 | |
| തേക്ക് | 50 | |
| കണിക്കൊന്ന | 60 | |
| പുളി | |  |
| സപ്പോട്ട | 10 | |

**പട്ടിക നോക്കി ഉത്തരം എഴുതൂ...**

- ഏറ്റവും കൂടുതലുള്ള വൃക്ഷത്തൈ ഏതാണ്?
- എത്ര പ്ലാവിൻതൈ ഉണ്ട്?

കൂടുതൽ ചോദ്യങ്ങൾ നോട്ടുബുക്കിൽ എഴുതൂ. ഉത്തരവും എഴുതണം.

## ക്വിസ് മത്സരം

ചെല്ലക്കാട് ഗവൺമെന്റ് എൽ പി സ്കൂളിൽ നടന്ന ഗണിതക്വിസ് മത്സരത്തിൽ പങ്കെടുത്ത കുട്ടികളുടെ പേരും അവർക്ക് ലഭിച്ച പോയിന്റും എഴുതിയ ചാർട്ടാണ് ചുവടെ.

| ഗവ. എൽ പി സ്കൂൾ, ചെല്ലക്കാട് ഗണിത ക്വിസ് മത്സരം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പേര് | പോയിന്റ് | ക്രമ നമ്പർ | പേര് | പോയിന്റ് |
| 1 | അയാൻ | 卌 \|\| | 7 | നയൻ | 卌 卌 卌 \| |
| 2 | രൂപ | 卌 卌 \| | 8 | കൃപ | 卌 \|\| |
| 3 | ജാനി | 卌 \|\|\|\| | 9 | ജീവ | 卌 \|\|\|\| |
| 4 | അനസ് | 卌 卌 \|\|\|\| | 10 | കരൺ | 卌 卌卌 \|\|\| |
| 5 | അമൃത് | \|\|\| | 11 | ജിഷി | 卌 卌 |
| 6 | ഗോപു | 卌 卌 卌 卌 \|\| | 12 | സനു | 卌 \| |

ചാർട്ട് പരിശോധിക്കൂ... ഓരോ കുട്ടിയുടെയും പോയിന്റ് എത്രയെന്ന് എങ്ങനെ മനസ്സിലാക്കാം?

കൂട്ടുകാരുമായി ചർച്ച ചെയ്യൂ.

കണ്ടുപിടിച്ച കാര്യങ്ങൾ എഴുതൂ.

> 卌 ഇങ്ങനെ നാല് വരയും കുറുകേ മറ്റൊരു വരയും വരച്ചാൽ 5 പോയിന്റ്.

**ഞാൻ കണ്ടുപിടിച്ചത്**

പട്ടിക പൂരിപ്പിക്കൂ

| ക്രമ നമ്പർ | പേര് | പോയിന്റ് | ക്രമ നമ്പർ | പേര് | പോയിന്റ് |
|---|---|---|---|---|---|
| 1 | അയാൻ | | 7 | നയൻ | |
| 2 | രൂപ | | 8 | കൃപ | |
| 3 | ജാനി | | 9 | ജീവ | |
| 4 | അനസ് | | 10 | കരൺ | |
| 5 | അമൃത് | | 11 | ജിഷി | |
| 6 | ഗോപു | | 12 | സനു | |

• ആർക്കാണ് ഏറ്റവും കൂടുതൽ പോയിന്റ്?

എത്ര പോയിന്റ്?

**പോയിന്റ് കണ്ടെത്താം**

ചെല്ലക്കാട് ഗവൺമെന്റ് എൽ പി സ്കൂളിലെ 3 കുട്ടികൾ ഉപജില്ലാതല ഗണിതശാസ്ത്ര ക്വിസിൽ പങ്കെടുത്തു. അവർക്ക് കിട്ടിയ പോയിന്റാണ് ചുവടെ പട്ടികയിൽ റ്റാലി അടയാളങ്ങളായി കാണിച്ചിരിക്കുന്നത്. പോയിന്റുകൾ കണക്കാക്കി എഴുതുക.

| പേര് | റ്റാലി അടയാളം | പോയിന്റ് |
|---|---|---|
| കരൺ | 𝍸 𝍸 𝍷𝍷𝍷𝍷 | |
| നയൻ | 𝍸 𝍸 𝍸 | |
| ഗോപു | 𝍸 𝍸 𝍸 𝍷𝍷𝍷 | |

ചെല്ലക്കാട് ഗവൺമെന്റ് എൽ പി സ്കൂളിലെ ലൈബ്രറി പുതുക്കുന്നതിന്റെ ഭാഗമായി പി ടി എ അംഗങ്ങൾ 6 ഗ്രൂപ്പായി തിരിഞ്ഞ് പുസ്തകങ്ങൾ ശേഖരിച്ചു. ശേഖരിച്ച പുസ്തകങ്ങളുടെ എണ്ണം വരച്ചിരിക്കുന്നത് നോക്കൂ. (ഒരു പുസ്തകത്തിന്റെ ചിത്രം 10 എണ്ണത്തെ സൂചിപ്പിക്കുന്നു.)

പട്ടികയിൽ പുസ്തകങ്ങളുടെ എണ്ണം എഴുതുക.

| ഗ്രൂപ്പ് | എണ്ണം ചിത്രരൂപത്തിൽ | എണ്ണം |
|---|---|---|
| 1 |  | |
| 2 |  | |
| 3 |  | |
| 4 |  | |
| 5 |  | |
| 6 |  | |

1. ഒന്നാമത്തെ ഗ്രൂപ്പിനെക്കാൾ എത്ര പുസ്തകമാണ് ആറാമത്തെ ഗ്രൂപ്പ് കൂടുതലായി ശേഖരിച്ചത്?

2. ഒരേ എണ്ണം പുസ്തകം ശേഖരിച്ചത് ഏതൊക്കെ ഗ്രൂപ്പുകളാണ്?

3. മൂന്നാമത്തെ ഗ്രൂപ്പ് ശേഖരിച്ച പുസ്തകത്തിന്റെ എണ്ണത്തിന് തുല്യമാകാൻ രണ്ടാമത്തെ ഗ്രൂപ്പ് എത്ര പുസ്തകം കൂടി ശേഖരിക്കണം?

4. ആകെ എത്ര പുസ്തകം ശേഖരിച്ചു?

# ഭാരതത്തിന്റെ ഭരണഘടന

### ഭാഗം IV ക

## മൗലികകർത്തവ്യങ്ങൾ

**51 ക. മൗലികകർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും ---അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***